2024 NOVEMBER
28
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






# വിഴിഞ്ഞം പദ്ധതി 2028ൽ പൂർത്തിയാകും

# 4 വർഷത്തിനകം 10,000 കോടിയുടെ നിക്ഷേപം

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും സപ്ലിമെൻററി കൺസഷൻ കരാറിൽ ഏർപ്പെടും. മന്ത്രിസഭായോഗം ഇതിനുള്ള അനുമതി നൽകി. കരട് സപ്ലിമെൻററി കൺസഷൻ കരാർ അംഗീകരിച്ചു. ആർബിട്രേഷൻ നടപടികൾ പിൻവലിച്ചതിനെ തുടർന്നാണ് സപ്ലിമെൻററി കരാർ ആവശ്യമായി വന്നത്. നിയമ വകുപ്പിൻറെയും അഡ്വക്കറ്റ് ജനറലിൻറെയും ഉപദേശം തേടിയ ശേഷമാണ് സപ്ലിമെൻററി കരാറിന് മന്ത്രിസഭ അനുമതി നൽകിയത്.

കരാർ പ്രകാരം 2045ൽ പൂർത്തീകരിക്കേണ്ട വിഴിഞ്ഞം തുറമുഖത്തിൻറെ രണ്ടാമത്തെയും അവസാനത്തേതുമായ പ്രവർത്തികൾ 2028 ഓടെ പൂർത്തീകരിക്കും. നേരത്തേയുള്ള കരാറിൽ നിന്നു വ്യത്യസ്തമായി തുറമുഖത്തിൻറെ മുഴുവൻ ഘട്ടങ്ങളും ഇതോടെ പൂർത്തിയാകും. ഇതുവഴി 4 വർഷത്തിനകം 10,000 കോടി രൂപയുടെ പുതിയ നിക്ഷേപത്തിന് അദാനി പോർട്ട് വഴിയൊരുക്കും. പദ്ധതി പൂർത്തിയാകുന്നതോടെ തുറമുഖത്തിൻറെ കുറഞ്ഞ ശേഷി 30 ലക്ഷം ടിഇയു ആവും. കോവിഡും, ഓഖി, പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളും കണക്കിലെടുത്ത് പദ്ധതി കാലയളവ് 5 വർഷം നീട്ടി നൽകും. പദ്ധതിക്ക് കാലതാമസം വന്നതിനാൽ പിഴയായ 219 കോടി രുപയിൽ 43.8 കോടി രൂപ സംസ്ഥാനം പിഴയായി ഇടാക്കും. ബാക്കി തുക 2028 വരെ തടഞ്ഞുവെക്കും. 2028ൽ പദ്ധതി സമ്പൂർണമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ കരാർ കാലാവധി അഞ്ച് വർഷം നീട്ടിയത് റദ്ദു ചെയ്യും. തടഞ്ഞുവെച്ച തുകയും സർക്കാർ ഈടാക്കും.

# തമിഴ്നാട്ടിൽ കനത്ത മഴ: 2,000 ഏക്കറിലെ നെൽക്കൃഷി നശിച്ചു

**ചെന്നൈ:** ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അതിതീവ്ര ന്യൂനമർദമായി മാറിയതിനെ തുടർന്ന് തമിഴ്നാട്ടിൽ കനത്ത മഴ തുടരുന്നു. കടലൂർ, തിരുവാരൂർ, തഞ്ചാവൂർ, നാഗപട്ടണം, മയിലാടുതുറ, രാമനാഥപുരം എന്നീ ജില്ലകളിലാണു രണ്ടു ദിവസമായി വ്യാപക മഴ. രാമനാഥപുരത്ത് വീടുകളിലടക്കം വെള്ളം കയറി. തിരുവാരൂർ, മയിലാടുതുറ, തഞ്ചാവൂർ തുടങ്ങിയ ജില്ലകളിൽ 2,000 ഏക്കറിലെ നെൽക്കൃഷി നശിച്ചു.

അതേസമയം, അതിതീവ്ര ന്യൂനമർദം ഇന്നു ചുഴലിക്കാറ്റായി മാറുമെന്ന് ചെന്നൈ മേഖല കാലാവസ്ഥ കേന്ദ്രം അറിയിച്ചു. ഇതേ തുടർന്ന് കടലൂർ, മയിലാടുതുറ, നാഗപട്ടണം, തിരുവാരൂർ, ചെന്നൈ, ചെങ്കൽപെട്ട്, കാഞ്ചീപുരം, തിരുവള്ളൂർ, പുതുച്ചേരി എന്നിവിടങ്ങളിൽ 30 വരെ അതിശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്നും അറിയിച്ചു. ചെന്നൈയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കനത്ത മഴയ്ക്കു സാധ്യതയുണ്ടെന്ന മുന്നറിയിപ്പിനെ തുടർന്ന് ഇന്നലെ സ്കൂളുകൾക്ക് അവധി നൽകിയെങ്കിലും രാവിലെ മുതൽ മഴ പെയ്തില്ല. പുതുച്ചേരിയിൽ ഇന്ന് സ്കൂളുകൾക്ക് അവധി നൽകി.

# പെൻഷൻ പ്രായം ഉയർത്തില്ല; ഭരണപരിഷ്ക്കാര കമ്മിഷൻ ശുപാർശ തള്ളി മന്ത്രിസഭായോഗം

**തിരുവനന്തപുരം:** പെൻഷൻ പ്രായം 60 ആയി ഉയർത്തണമെന്ന ഭരണപരിഷ്ക്കാര കമ്മിഷൻറെ ശുപാർശ അംഗീകരിക്കേണ്ടതില്ലെന്ന് മന്ത്രിസഭാ യോഗം തീരുമാനിച്ചു. നാലാം ഭരണപരിഷ്ക്കാര കമ്മീഷൻറെ ശുപാർശകൾ പരിശോധിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറി അധ്യക്ഷയായ സെക്രട്ടറിതല സമിതിയുടെ ശുപാർശകൾ ഭേദഗതികളോടെ മന്ത്രിസഭായോഗം അംഗീകരിക്കുകയായിരുന്നു.

കെഎസ്ആർ, കെഎസ് ആൻഡ് എസ്എസ്ആർഎസ്, കണ്ടക്ട് റൂൾസ് എന്നിവ സംയോജിപ്പിച്ച് കേരള സിവിൽ സർവീസ് കോഡ് രൂപീകരിക്കും. ഇതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തി. സബോഡിനേറ്റ് സർവീസിലും സ്റ്റേറ്റ് സർവീസിലും പ്രൊബേഷൻ ഒരു തവണ മാത്രമാകും. എല്ലാ വകുപ്പുകളും രണ്ട് വർഷത്തിനകം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിർദേശം നൽകും.

# 155.05 കോടിയുടെ ടൂറിസം പ്രവൃത്തികൾക്ക് കേന്ദ്രാനുമതി

**തിരുവനന്തപുരം:** സംസ്ഥാന ടൂറിസം വകുപ്പ് നിർദേശിച്ച രണ്ട് ടൂറിസം പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയതായി മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു. 59.71 കോടി രൂപയുടെ കൊല്ലം ബയോഡൈവേഴ്സിറ്റി ആൻറ് റിക്രിയേഷണൽ ഹബ്ബ് പദ്ധതിക്കും , 95.34 കോടി രൂപയുടെ സർഗാലയ ഗ്ലോബൽ ഗേറ്റ് വേ ടു മലബാർ കൾച്ചറൽ ക്രൂസിബിൾ എന്ന പദ്ധതിക്കുമാണ് അനുമതി ലഭിച്ചത്.

കൊല്ലം ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് സംസ്ഥാന ടൂറിസം വകുപ്പ് രൂപം നൽകിയിരുന്നു. അതിൻറെ വിപുലീകരണമാണ് ബയോഡൈവേഴ്സിറ്റി ആൻറ് റിക്രിയേഷണൽ ഹബ്ബ് എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ സർഗാലയ ആർട് ആൻറ് ക്രാഫ്റ്റ് വില്ലേജ് മുതൽ ബേപ്പൂർ വരെ നീളുന്ന ടൂറിസം ശൃംഖലയാണ് സർഗാലയ ഗ്ലോബൽ ഗേറ്റ് വേ ടു മലബാർ കൾച്ചറൽ ക്രൂസിബിൾ എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. സർഗാലയ ആർട് ആൻറ് ക്രാഫ്റ്റ് വില്ലേജിൻറെ വിപുലീകരണവും ഈ പദ്ധതിയുടെ ഭാഗമാണ്. സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്ന പദ്ധതികളാണ് അനുവദിച്ചിരിക്കുന്നതെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു.



# മുഴുവൻ വിദ്യാർഥികളെയും കായിക സംസ്കാരത്തിന്റെ ഭാഗമാക്കും : മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ കോളേജുകളിലെ മുഴുവൻ വിദ്യാർഥികളെയും കായിക സംസ്കാരത്തിൻറെ ഭാഗമാക്കാൻ ലക്ഷ്യമിട്ടാണ് കേരള കോളേജ് സ്പോർട്സ് ലീഗ് രൂപീകരിക്കുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കേരള കോളേജ് സ്പോർട്സ് ലീഗിന്റെ ഭാഗമായി കോളേജുകളിൽ സ്പോർട്സ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

രാജ്യത്താദ്യമായിട്ടാണ് കേരളത്തിൽ കോളേജ് വിദ്യാർഥികൾക്കായി പ്രത്യേക സ്പോർട്സ് ലീഗ് ആരംഭിക്കുന്നത്. ലീഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കോളേജുകളിലും സ്പോർട്സ് ക്ലബ് തുടങ്ങും. വിദ്യാഭ്യാസ കായിക മേഖലകളിൽ മുന്നിട്ടു നിൽക്കുന്ന യൂണിവേഴ്സിറ്റി കോളേജിൽ ഇതിന് തുടക്കമിടുകയാണ്. കായിക മേഖലയിലെ പ്രവർത്തനങ്ങൾ കായിക പ്രതിഭകളായിട്ടുള്ള കുട്ടികളെ കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിൽ കോളേജ് സ്പോർട്സ് ലീഗ് തൽപരരായ എല്ലാ വിദ്യാർഥികളെയും അതിന്റെ ഭാഗമാക്കും. മികച്ച കായിക സംസ്കാരം വാർത്തെടുക്കുന്നതിനൊപ്പം കോളേജുകളിലെ അടിസ്ഥാനസൗകര്യ വികസനം കൂടി ലക്ഷ്യമിട്ടാണ് കായിക വകുപ്പുമായി ചേർന്ന് സ്പോർട്സ് ലീഗ് പദ്ധതി നടപ്പിലാക്കുന്നത്. കായിക ഉച്ചകോടിയുടെ ഭാഗമായി ഉയർന്നു വന്ന ആശയത്തെ വിദ്യാർഥി സമൂഹവും കോളേജുകളും സ്വീകരിച്ചതിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി ഇനങ്ങളിലാണ് കോളേജ് സ്പോർട്സ് ലീഗ് ആരംഭിക്കുകയെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അറിയിച്ചു. കോളേജ് സ്പോർട്സ് ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഭാവിയിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തും. സംസ്ഥാനത്തെ കോളേജുകളെ നാല് സോണുകളായി തിരിച്ച് മൂന്നു മുതൽ ആറുമാസം വരെ നീളുന്ന സ്പോർട്സ് ലീഗാണ് സംഘടിപ്പിക്കുക. സ്പോർട്സ് ക്ലബുകളെ ഏകോപിപ്പിക്കാൻ ജില്ലാതല കമ്മിറ്റികൾ ഉണ്ടാകും. കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ, കായിക, വകുപ്പുകളുടെ ഉദ്യോഗസ്ഥരും ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളും കായിക സംഘടനാ പ്രതിനിധികളും മുൻതാരങ്ങളുമുണ്ടാകും. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിയും കായിക മന്ത്രിയും വൈസ് ചാൻസലർമാരും ഉദ്യോഗസ്ഥരും അടങ്ങുന്ന സംസ്ഥാനതല സമിതിയാകും ഭരണനിർവഹണം നടത്തുകയെന്ന് മന്ത്രി പറഞ്ഞു.

കായികരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കോളേജുകളെ സഹയിക്കുന്നതിന്റെ ഭാഗമായി സ്വന്തമായി വരുമാനമുണ്ടാക്കാൻ സാധിക്കുന്ന രീതിയിലാണ് കോളേജ് സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്. കോളേജ് ലീഗിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് പൊഫഷണൽ ലീഗിലേക്കും വഴിയൊരുങ്ങും. പുതിയ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതോടൊപ്പം അവരെ ലോക നിലവാരത്തിലേക്ക് ഉയർത്താൻ ലീഗിലൂടെ കഴിയും. സ്വദേശത്തും വിദേശത്തുമുള്ള മികച്ച പരിശീലകരുടെ സേവനവും വിദ്യാർഥികൾക്ക് നൽകാനാകുമെന്ന് മന്ത്രി പറഞ്ഞു.

സ്പോർട്സ് യുവജനകാര്യ ഡയറക്ടർ പി. വിഷ്ണുരാജ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി, യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പൽ ഡോ. സന്തോഷ് കുമാർ, ഉന്നത വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വി എസ് ജോയ് തുടങ്ങിയവർ സംസാരിച്ചു.

# ജനസൗഹൃദ സേനയായി അഗ്നിശമന രക്ഷാ സേന മാറി: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ദുരന്തമുഖങ്ങളിലാകെ സഹായമെത്തിക്കുന്ന ജനസൗഹൃദ സേന എന്ന നിലയിലേക്കു പൊതുമനസ്സിൽ ഫയർഫോഴ്സിനെ കുറിച്ചുള്ള കാഴ്ചപ്പാട് മാറിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.ഫയർ സർവീസ് മെഡൽ വിതരണവും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തന ഉദ്ഘാടനവും തിരുവനന്തപുരത്ത് ഫയർ ആൻഡ് റസ്ക്യൂ ആസ്ഥാന മന്ദിരത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.തികഞ്ഞ ആത്മാർത്ഥതയോടെയും പ്രതിജ്ഞാബദ്ധതയോടെയും തങ്ങളുടെ ജോലി നിർവഹിക്കുന്ന ജീവനക്കാരെ ആദരിക്കുന്നത് അഗ്നിരക്ഷാ സേനയ്ക്കാകെ പ്രചോദനം പകരുന്ന നടപടിയാണ്. ഇക്കൊല്ലം അഭിനന്ദനാർഹമായ സേവനം കാഴ്ചവെച്ച 25 ജീവനക്കാർക്കാണ് മുഖ്യമന്ത്രിയുടെ ഫയർ മെഡൽ നൽകുന്നത്. സേനാംഗങ്ങൾക്ക് ലഭിക്കുന്ന ആദരവ് മറ്റു സേനാംഗങ്ങൾക്ക് പ്രചോദനമാവട്ടെ എന്ന് മുഖ്യമന്ത്രി ആശംസിച്ചു.

ദുരന്തഘട്ടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും ഉള്ള പ്രാധാന്യം വളരെ വലുതാണ്. സമീപകാലത്ത് ഒന്നിലധികം തവണ കേരളം അതു തിരിച്ചറിഞ്ഞതാണ്. പ്രളയത്തിന്റെയും ഓഖിയുടെയും ഉരുൾപൊട്ടലിന്റെയും ഘട്ടത്തിലെല്ലാം ദുരന്തനിവാരണത്തിനായി സജീവമായി ഇടപെട്ട വിഭാഗമാണ് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്.

മുണ്ടക്കൈ ചൂരൽമല ദുരന്തമുണ്ടായപ്പോൾ ഫസ്റ്റ് റെസ്പോണ്ടേഴ്സായി സ്ഥലത്തെത്തിയതും ആ രാത്രിയിൽ തന്നെ ആളുകളെ ഒഴിപ്പിച്ച് സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചതും ഫയർ ഫോഴ്സ് ആയിരുന്നു. ചെളിയിൽ പുതഞ്ഞുപോയവരെ തൊട്ടടുത്ത ദിവസം രാവിലെ അതിസാഹസികമായി രക്ഷിച്ചതും അഗ്നിശമനാ സേനാംഗങ്ങളായിരുന്നു. സ്വജീവൻ പണയം വെച്ചും ഇത്തരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സേനയെ കൂടുതൽ നവീകരിച്ച് മുന്നോട്ടു കൊണ്ടുപോകേണ്ടത് ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഈ ഘട്ടത്തിൽ ഏറെ അനിവാര്യമാണ്.

വികസിത രാജ്യങ്ങളിൽപോലും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ രൂപപ്പെട്ടു വരുന്നതേയുള്ളു, രാജ്യങ്ങളിൽ. എന്നാലവിടങ്ങളിൽ പോലും ആളുകളുടെ സ്വത്തിനും ജീവനുമൊക്കെ വെല്ലുവിളിയാണ് പെട്ടെന്നുള്ള വെള്ളപ്പൊക്കങ്ങളും മറ്റും സൃഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ അവസരോചിതമായി ഇടപെടുക എന്നതാണ് അത്തരം സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനം. ഈ കാഴ്ചപ്പാട് മുൻനിർത്തി ഏതു ദുരന്തസാഹചര്യത്തെയും നേരിടുന്നതിനും മറികടക്കുന്നതിനും നമ്മുടെ ഫയർഫോഴ്സിനെ സജ്ജമാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുതിയ കാലത്തിനനുയോജ്യമായ വിധത്തിൽ പുതിയ ഉത്തരവാദിത്വങ്ങളേറ്റെടുക്കാൻ ഫയർ ആൻഡ് റെസ്ക്യൂ സർവീസസിനെ സജ്ജമാക്കുക എന്നതാണ് സർക്കാരിന്റെ നയം.

കഴിഞ്ഞ എൽ ഡി എഫ് സർക്കാരിനെ പോലെ തന്നെ ഈ എൽ ഡി എഫ് സർക്കാരും ഫയർഫോഴ്സിനെ ശാക്തീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി വലിയ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫയർ ഫോഴ്സിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും തുടക്കമിട്ടു. വാഹനങ്ങൾ, ലാഡറുകൾ, യന്ത്രങ്ങൾ, സേഫ്റ്റി എകിപ്മെന്റുകൾ എന്നിവയെല്ലാം ലഭ്യമാക്കി. അതിന്റെയെല്ലാം തുടർച്ചയായാണ് ഇന്നിവിടെ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. 2024ലെ കേരള ഫയർ & റെസ്ക്യൂ സർവ്വീസസിലെ ഫയർ സർവ്വീസസ് മെഡൽ നേടിയ അഗ്നിരക്ഷാവകുപ്പ് ജീവനക്കാർക്ക് മുഖ്യമന്ത്രി അഗ്നിശമനസേനാ മെഡലുകൾ വിതരണം ചെയ്തു. അഗ്നിശമന രക്ഷാ സേന വിഭാഗം ഡയറക്ടർ ജനറൽ കെ പദ്മകുമാർ സ്വാഗതവും ഡയറക്ടർ ടെക്നിക്കൽ എം നൗഷാദ് നന്ദിയും അറിയിച്ചു.

## പ്രൊഫസർ ഡോ. കെ ശിവപ്രസാദ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല അമരത്തേക്ക്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വിഭാഗം പ്രൊഫസർ ഡോ. കെ ശിവപ്രസാദ്

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായി ചുമതലയേൽക്കും. ഗവർണറുടെ ഓഫീസായ കേരള രാജ്ഭവൻ ബുധനാഴ്ച പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച്, ഡോ. ശിവപ്രസാദ് എത്രയും പെട്ടെന്ന് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലറുടെ സ്ഥിരപദവിയിലേക്ക് ചുമതലയേൽക്കും.

പ്രൊഫ. ഡോ. ശിവപ്രസാദ് കെ 1994 മുതൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്നുള്ള ഷിപ് ടെക്നോളജി വകുപ്പിൽ അധ്യാപകനാണ്. ലക്ച്ചറർ, റീഡർ, പ്രൊഫസർ എന്നീ തസ്തികകളിൽ പല തലമുറകളിലുള്ള കുസാറ്റ് വിദ്യാർത്ഥികളെ പഠിപ്പിച്ച അദ്ദേഹത്തിന് നേവൽ ആർക്കിടെക്ചർ, ഷിപ്പ് ബിൽഡിംഗ്, മാരിടൈം ടെക്നോളജി, സുസ്ഥിര വികസനത്തിനായുള്ള എഞ്ചിനീയറിംഗ്, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളിൽ വൈവിധ്യവും വിശാലവുമായ അനുഭവസമ്പത്തുണ്ട്.

ബ്രിട്ടീഷ് കോമൺവെൽത്ത് സ്കോളർഷിപ്പിന് കീഴിൽ യുകെയിലെ ഗ്ലാസ്ഗോയിലെ സ്ട്രാത്ത്ക്ലൈഡ് സർവകലാശാലയിൽ നിന്ന് ഷിപ്പ് പ്രൊഡക്ഷനിൽ എംഎസ്സി ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഡോ. ശിവപ്രസാദ് കുസാറ്റിൽ നിന്നാണ് പിഎച്ച്ഡി നേടുന്നത്. കേരള സർക്കാരിന്റെ തുറമുഖ വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.സമുദ്ര വികസന ബോർഡ്, കേരളം, കേരള ടൂറിസം വികസന കോർപ്പറേഷൻ, കേരളാ വനം വകുപ്പ്, കേരള ജലഗതാഗത വകുപ്പ് എന്നിവിടങ്ങളിൽ കൺസൾട്ടന്റായി പ്രവർത്തിച്ചിട്ടുള്ള ഡോ, ശിവപ്രസാദ് ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ റിസർച്ച് ബോർഡ് അംഗമാണ്.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിലെയും, ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ (ഉഞഉഛ) വിദഗ്ധ സമിതിയിലെയും ജാപ്പനീസ് ഷിപ്പ് ക്ലാസിഫിക്കേഷൻ സൊസൈറ്റിയായ ക്ലാസ്എൻകെയുടെ ഇന്ത്യ ടെക്നിക്കൽ കമ്മിറ്റിയിലെയും അംഗമാണ് അദ്ദേഹം.

## കുസാറ്റ്: കെഎംഎസ്എംഇ ടെക്നിക്കൽ അസിസ്റ്റൻറ് ഗ്രേഡ് (ഇലക്ട്രിക്കൽ) ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗിൽ (കെഎംഎസ്എംഇ) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റൻറ് ഗ്രേഡ് (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ, മർച്ചൻറ് നേവിയിലോ പവർ പ്ലാൻറിലോ 3 വർഷത്തെ പ്രവർത്തിപരിചയം എന്നിവ ഉള്ളവർക്ക് അപേക്ഷിക്കാം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 24.12.2024നോ അതിനുമുമ്പോ recruit.cusat.ac.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി, പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കൊച്ചി22' എന്ന വിലാസത്തിൽ 30.12.2024നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം.

## സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഗവ: അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ വേഡ് പ്രോസസിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർട്ടിഫിക്കറ്റ് ഇൻ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം.ഡിപ്ലോമ പ്രോഗ്രാമിന് ആറുമാസവും. സർട്ടിഫിക്കറ്റ് കോഴ്സിന് മൂന്നു മാസവുമാണ് കാലാവധി. കോണ്ടാക്ട് ക്ലാസുകളും പ്രോജക്ട് വർക്കും പഠന പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. 18 വയസിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. https://apps.ree.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദ വിവരങ്ങൾ ംംം.ൃരരര.ശി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ജില്ലയിലെ പഠന കേന്ദ്രങ്ങൾ: ഐ എൽ സി സി കമ്പ്യൂട്ടർ എഡ്യൂക്കേഷ9, കളമശേരി ഫോൺ: 9847006897, 04844872917 2. കോൾപ്പിംഗ് കമ്പ്യൂട്ടർ അക്കാദമി , വേളി, ഫോർട്ട് കൊച്ചി: 9847885712.

# ഓൺലൈൻ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ. കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളെജ് 2025 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഒരുമാസം ദൈർഘ്യമുള്ള ബേസിക് പ്രോഗ്രാം ഇൻ ഇൻഫക്ഷൻ പ്രിവൻഷൻ കൺട്രോൾ ഓൺലൈൻ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ, നഴ്സിംഗ്. പാരാമെഡിക്കൽ അനുബന്ധ മേഖലകളിലുള്ള ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമയുള്ളവർക്ക് അപേക്ഷിക്കാം. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദ വിവരങ്ങൾ ാാാ.ൃലരര.ശി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വൈപ്പിൻ ഐ.സി.ഡി.എസ്. പ്രോജക്ടിലെ 127 അങ്കണവാടികളിലേക്ക് ആവശ്യ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് തയ്യാറുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ ഒമ്പത് ഉച്ചയ്ക്ക് 2.30 വരെ. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ വൈപ്പിൻ ഐ.സി.ഡി.എസ്. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നം. 0484 249665.

## ഫിനാൻഷ്യൽ അക്കൗണ്ടിംഗ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് യോഗ്യത പ്ലസ് ടു കൊമേഴ്സ്/ബി.കോം, ഡാറ്റ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ യോഗ്യത: എസ് എസ് എൽ സി കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് www.lbscetnre.kerala.gov.in വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. എസ്.സി/ എസ്.ടി/ഒഇസി കുട്ടികൾക്ക് നിയമാനുസൃത ഫീസാനുകൂല്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് കളമശേരി 7025310574, 0484 2541520 നമ്പറുകളിൽ ബന്ധപെടുക.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, എറണാകുളം ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ടെ9ഡർ ക്ഷണിച്ചു. ടെ9ഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 16 വൈകിട്ട് മൂന്നുവരെ. വിശദവിവരങ്ങൾക്ക് കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുമായി ബന്ധപ്പെടണം, ഫോൺ 04842959177/9744318290.

## മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം

**കൊച്ചി:** ആലുവ ബാങ്ക് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രത്തിൽ 2025 ജനുവരി ഒന്നു മുതൽ ആരംഭിക്കുന്ന പി.എസ്.സി മത്സര പരീക്ഷകൾക്കുള്ള സൗജന്യ പരിശീലന ക്ലാസുകളുടെ അഡ്മിഷൻ നടപടികൾ ഡിസംബർ ഒന്നു മുതൽ ആരംഭിക്കും. പ്രവേശനം ആഗ്രഹിക്കുന്നവർ ഡിസംബർ 20 വരെ തിയതികളിൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ കോപ്പി ആധാർ കാർഡിന്റെ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയുമായി ആലുവ പരിശീലന കേന്ദ്രത്തിൽ നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04842621897,8547732311,8129632217.

## റാങ്ക് പട്ടിക റദ്ദായി

**കൊച്ചി:** ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 065/2018) തസ്തികയിലേക്കുള്ള തെരെഞ്ഞെടുപ്പിനായുള്ള റാങ്ക് പട്ടിക 2022 ജൂലൈ 19 ന് റദ്ദായതായി ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

## സ്പെഷ്യൽ ഒളിമ്പിക്സ് കേരള സ്റ്റേറ്റ് മീറ്റ് 2024; ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി 2024 ഡിസംബർ 27, 28, 29 തീയ്യതികളിൽ കോഴിക്കോട് വച്ച് നടക്കുന്ന സ്പെഷ്യൽ ഒളിമ്പിക്സ് സംസ്ഥാന കായിക മേളയുടെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കോഴിക്കോട് മേയറും, സ്പെഷ്യൽ ഒളിമ്പിക്സ് സംഘാടക സമിതി ചെയർപേഴ്സണുമായ ഡോ. ബീന ഫിലിപ്പ്, യുഎൽസിസിഎസ് ഫൗണ്ടേഷൻ ഡയറക്ടറും, സ്പെഷ്യൽ ഒളിമ്പിക്സ് സംഘാടക സമിതി ജനറൽ കൺവീനറുമായ ഡോ. എം. കെ. ജയരാജ്, യു എൽ സി സി എസ് ചെയർമാൻ, രമേശൻ പാലേരി, ശ്രീ. എ. അഭിലാഷ് ശങ്കർ പി ബിജോയ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# കേരളത്തിലെ കുടുംബ ബിസിനസുകളിലെ തലമുറ മാറ്റം; പഠനറിപ്പോർട്ട് പുറത്തുവിട്ട് കെപിഎംജി

**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (സിഐഐ) കെപിഎംജിയും ചേർന്ന് 'കേരളം വരും തലമുറ ശാക്തീകരണം (കേരളം എംപവറിംഗ് നെക്സ്റ്റ് ജനറേഷൻ)' റിപ്പോർട്ട് പുറത്തിറക്കി. കേരളത്തിലെ കുടുംബ ഉടമസ്ഥതയിലുള്ള ബിസിനസുകളുടെ തലമുറ മാറ്റത്തെ കുറിച്ച് വിശദപഠനം നടത്തുന്നതാണ് റിപ്പോർട്ട്. പ്രാദേശിക, ദേശീയ, അന്തർദേശീയ വിപണികളിലൂടെ നവീകരണത്തെയും വളർച്ചയെയും കേരളത്തിന്റെ സംരംഭകത്വ മനോഭാവം നയിക്കുന്നതെങ്ങനെ എന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. വികസിച്ചുകൊണ്ടിരിക്കുന്ന കുടുംബ ബിസിനസുകൾക്ക് ബിസിനസ്സ് അന്തരീക്ഷം മനസിലാക്കാനും മുന്നേറാനും 'കേരളം എംപവറിംഗ് നെക്സ്റ്റ് ജനറേഷൻ' റിപ്പോർട്ട് സഹായകമായിരിക്കും.

ആഗോള വിപുലീകരണ താൽപര്യങ്ങൾ, സമ്പന്നമായ സംരംഭകത്വ ചരിത്രം, വിപണി വളർച്ചാ പാതകൾ, നേതൃത്വ തലമുറ മാറ്റം, പിന്തുടർച്ച ആസൂത്രണം, വെല്ലുവിളികളും അവസരങ്ങളും, മാർഗനിർദേശവും പരിശീലനവും തുടങ്ങിയ ദീർഘകാല ബിസിനസ്സ് വിജയം ഉറപ്പാക്കുന്ന പ്രശ്ന പരിഹാരമടക്കം വിവിധ സാങ്കേതിക വിദ്യകളുടെ രൂപരേഖയുമെല്ലാം റിപ്പോർട്ടിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ സംരംഭകത്വ അന്തരീക്ഷം മുന്നേറ്റത്തിന്റെ ഘട്ടത്തിലാണെന്നും ഈ റിപ്പോർട്ട് അവരുടെ സാധ്യതകളുടെ തെളിവാണെന്നും ഇന്ത്യയിലെ കെപിഎംജിയുടെ കൊച്ചി ഓഫീസ് മാനേജിംഗ് പാർട്ണർ വിഷ്ണു പിള്ള പറഞ്ഞു. കുടുംബ ബിസിനസുകളുടെ അടുത്ത തലമുറയിലേക്കുള്ള വിജയകരമായ മാറ്റം കേരളത്തിലെ സാമ്പത്തിക വളർച്ച സുസ്ഥിരമാക്കുന്നതിന് നിർണായകമാണെന്നും, ഈ തലമുറ മാറ്റത്തിൽ കുടുംബ ബിസിനസുകളെ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധരാണ് തങ്ങളെന്നും ഇന്ത്യയിലെ കെപിഎംജി, എം&എ ആൻഡ് ഫാമിലി ഓഫീസ് പാർട്ണർ നിലേഷ് മോഡി കൂട്ടിച്ചേർത്തു.

# ബഡ്സ് കലോത്സവം മൽഹാർ 2024 ന് തിരി തെളിഞ്ഞു

**കൊച്ചി:** കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങളുടെ ജില്ലാതല കലോത്സവം മൽഹാർ 2024 കാലടി ശ്രീ ശങ്കരാചാര്യസംസ്കൃത സർവ്വകലാശാലയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു .

ബൗദ്ധികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ശാക്തീകരണവും കലാപ്രതിഭകളുടെ ഉന്നമനവും ലക്ഷ്യമിട്ട് കുടുംബശ്രീയുടെ 46 ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് കലോത്സവത്തിൽ മാറ്റുരക്കുന്നത്. കാലടി പഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ചലച്ചിത്രതാരം അനാർക്കലി മരയ്ക്കാർ മുഖ്യാതിഥിയായി. ശ്രീ ശങ്കരാചാര്യ സർവ്വകലാശാല രജിസ്ട്രാർ ഡോ. മോത്തി ജോർജ് മുഖ്യാതിഥിയായി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പി കെ ചന്ദ്രശേഖരൻ നായർ, ജില്ലാ പഞ്ചായത്ത് അംഗം ആനിമോൾ, ബ്ലോക്ക് പഞ്ചായത്ത് അംഗം മേരി ദേവസ്സിക്കുട്ടി, കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡന്റ് സൂസൻ ജോസഫ്, ജില്ലാ മിഷൻ കോഓർഡിനേറ്റർ ടി എം റെജീന, അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ ടി.എൽ ശ്രീകുമാർ, സാമൂഹ്യനീതി ഓഫീസർ വി ജെ ബിനോയ്, സിഡിഎസ് ചെയർപേഴ്സൺ പൗളി ബേബി, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാമിഷൻ കോഓർഡിനേറ്റർമാരായ എം ഡി സന്തോഷ്, അമ്പിളി തങ്കപ്പൻ,കെ ആർ രജിത, കുടുംബശ്രീ ജില്ല പ്രോഗ്രാം മാനേജർ പൊന്നി കണ്ണൻ,അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ കെ സി അനുമോൾ തുടങ്ങിയവർ പങ്കെടുത്തു.

# വിളയിടം അടിസ്ഥാനമാക്കിയുള്ള കൃഷിരീതി നടപ്പിലാക്കും മന്ത്രി പി പ്രസാദ്

**തിരുവനന്തപുരം:** കേരളത്തിൽ വിളയിടം അടിസ്ഥാനമാക്കിയുള്ള കൃഷിരീതി നടപ്പിലാക്കുമെന്നും കാർഷിക സർവകലാശാലയുടെ ഗവേഷണങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുമെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കാർഷിക സർവകലാശാല തയ്യാറാക്കിയ പുസ്തകങ്ങളായ വിള പരിപാലന ശുപാർശകൾ 2024, കോൾ നിലങ്ങളുടെ അറ്റ്ലസ് എന്നിവ സെക്രട്ടേറിയേറ്റ് ലയം ഹാളിൽ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക സർവകലാശാലയുടെ വിള പരിപാലന ശുപാർശകൾ സാധാരണയായി ഇംഗ്ലീഷിലാണ് തയ്യാറാക്കുന്നത്. എന്നാൽ സാധാരണക്കാരായ കർഷകർക്കും മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ സാങ്കേതിക പദങ്ങൾ ലഘൂകരിച്ച് മലയാളത്തിൽ തയ്യാറാക്കിയ പുസ്തകമാണ് പ്രകാശനം ചെയ്യുന്നത്. പത്തുവർഷം മുൻപുള്ള കൃഷി രീതിയല്ല ഇന്ന്. കേരളത്തിൽ തന്നെ ഒരിടത്ത് നടപ്പിലാക്കുന്ന കൃഷിരീതി അതേപോലെ മറ്റൊരിടത്ത് നടപ്പാക്കാൻ കഴിയില്ല. ഭൂപ്രകൃതിയും കാലാവസ്ഥയും അടിസ്ഥാനമാക്കി മാറ്റങ്ങൾ അനിവാര്യമാണ്. കാർഷിക മേഖലയിൽ നടക്കുന്ന പഠനങ്ങൾ മണ്ണിന് ഗുണം ഉണ്ടാവണം എന്നതാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയം. പുതിയ വിവരങ്ങൾ അടങ്ങിയ പുസ്തകങ്ങൾ പുറത്തിറക്കുന്നതോടൊപ്പം ഉള്ളടക്കത്തിന്റെ അപ്ഡേറ്റും യഥാസമയം സാധ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

വിള അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി രീതിയിൽ പ്രതിസന്ധികൾ ഏറെയാണ്. കാലാവസ്ഥയെ കണക്കിലെടുത്തു കൊണ്ടുള്ള കൃഷി രീതി മാത്രമേ കേരളത്തിൽ ഫലവത്തായി നടക്കുകയുള്ളു. ഉൽപ്പാദനത്തിൽ വരുന്ന കുറവ് വരുമാനത്തിൽ പ്രതിഫലിക്കും. കാലാനുസൃതമായ മാറ്റം വരുത്തി സാങ്കേതിക വിദ്യകളും മാറ്റങ്ങളും കൃഷി രീതിയിൽ പ്രായോഗികമാക്കണം. കാർഷിക മേഖലയിലെ പ്രതിസന്ധികൾ മറികടക്കാനുള്ള പരിഹാര രീതികളും വിള നഷ്ടം നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങളും ശാസ്ത്ര സമൂഹത്തിന്റെ പഠനങ്ങളിലുണ്ട്. 2017 പുറത്തിറക്കിയ വിള പരിപാലന ശുപാർശകൾ വളരെയേറെ പ്രയോജനപ്രദമായിരുന്നു. അതിനാലാണ് ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ പുറത്തിറക്കിയ ശുപാർശകളുടെ മലയാളം പതിപ്പ് വേണമെന്ന് സർവകലാശാലയോട് ആവശ്യപ്പെട്ടത്. കർഷകരുടെ ഭാഷയിൽ അവർക്ക് മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ വിള പരിപാലന ശുപാർശകൾ തയ്യാറാക്കിയതിൽ കാർഷിക സർവകലാശാലയെ അഭിനന്ദിക്കുന്നതായും മന്ത്രി അറിയിച്ചു.

കൃഷി വകുപ്പ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, കാർഷിക സർവകലാശാല രജിസ്ട്രാർ ഡോ എ സക്കീർ ഹുസൈൻ, എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. ജേക്കബ് ജോൺ, കർഷക പ്രതിനിധി സുജിത്ത്, കാർഷിക സർവകലാശാല ഉദ്യോഗസ്ഥർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അതിസങ്കീർണ ശസ്ത്രക്രിയയിലൂടെ ആദിവാസി യുവാവിന് പുതുജീവൻ

# അഭിമാനത്തോടെ തൃശൂർ മെഡിക്കൽ കോളേജ്

**തൃശൂർ:** ഇടത് തോളെല്ലിന് താഴെ ആഴത്തിൽ കുത്തേറ്റ് രക്തം വാർന്ന് അതീവ ഗുരുതരാവസ്ഥയിലായിരുന്ന പാലക്കാട് സ്വദേശിയായ ആദിവാസി യുവാവിനെ (25) രക്ഷപ്പെടുത്തി തൃശൂർ സർക്കാർ മെഡിക്കൽ കോളേജ്. ഹൃദയത്തിൽ നിന്നും നേരിട്ട് പുറപ്പെടുന്ന ധമനിയായ സബ്ക്ലേവിയൻ ആർട്ടറിക്ക് ഗുരുതര ക്ഷതം പറ്റിയതിനാൽ രക്ഷിച്ചെടുക്കുക പ്രയാസമായിരുന്നു. സമയം നഷ്ടപ്പെടുത്താതെ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ അനുഭവ പരിചയവും വൈദഗ്ധ്യവുമുള്ള ഡോക്ടർമാർ അടിയന്തര ശസ്ത്രക്രിയ നടത്തി. മൂന്ന് മണിക്കൂർ നീണ്ടു നിന്ന അതി സങ്കീർണ ശസ്ത്രക്രിയയ്ക്കും പരിചരണത്തിനും ശേഷം യുവാവിനെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു. ചികിത്സയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഇക്കഴിഞ്ഞ നവംബർ ഒന്നിനാണ് യുവാവിനെ കുത്തേറ്റ നിലയിൽ തൃശൂർ മെഡിക്കൽ കോളേജിൽ എത്തിക്കുന്നത്.



വിദഗ്ധ പരിശോധനയ്ക്ക് ശേഷം രോഗിയെ അത്യാഹിത വിഭാഗത്തിലെ ഓപ്പറേഷൻ തീയറ്ററിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. ഹൃദയത്തോട് വളരെ അടുത്തു കിടക്കുന്ന സബ്ക്ലേവിയൻ ആർട്ടറി കണ്ടെത്തുക എന്നതുതന്നെ ഒരു വെല്ലുവിളിയാണ് എന്നിരിക്കെ രക്തം വാർന്ന് കൊണ്ടിരിക്കുമ്പോൾ അത് കൂടുതൽ ശ്രമകരമായി മാറി. ഈ ധമനിയോട് ചേർന്ന് കിടക്കുന്ന നാഡീവ്യൂഹമായ ബ്രാക്കിയൽ പ്ലക്സസിന് ക്ഷതം ഏൽപിക്കാതെ ഈ ധമനി കണ്ടെത്തി തുന്നിച്ചേർക്കുക എന്നതും മറ്റൊരു വലിയ വെല്ലുവിളിയായിരുന്നു. ഇതിൽ ഏതെങ്കിലും ഒന്ന് ചെറുതായെങ്കിലും പരാജയപ്പെട്ടാൽ രക്തം വാർന്നു നിമിഷങ്ങൾക്കകം മരണം സംഭവിക്കാം, അല്ലെങ്കിൽ ഇടതുകൈയ്യുടെ ചലനം തന്നെ നഷ്ടപ്പെട്ടേക്കാം എന്നതായിരുന്നു അവസ്ഥ.

മുറിവേറ്റ ധമനിയ്ക്ക് മേൽ വിരലുകൾ കൊണ്ട് മർദ്ദം ചെലുത്തി രക്തസ്രാവം നിയന്ത്രിച്ചു നിർത്തുകയും അതേ സമയം നിമിഷ നേരം കൊണ്ട് നെഞ്ചെല്ല് തുറക്കുകയും ചെയ്തു. അടുത്തതായി രക്തം ഒഴുകിക്കൊണ്ടിരിക്കുന്ന ധമനിയെ തുന്നിച്ചേർക്കുക എന്ന കഠിനമായ ദൗത്യമായിരുന്നു. അതും വിജയകരമായി പൂർത്തിയാക്കി. അങ്ങിനെ മൂന്ന് മണിക്കൂർ നീണ്ടു നിന്ന യജ്ഞത്തിനൊടുവിലാണ് യുവാവിനെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റിയത്.

ശസ്ത്രക്രിയയ്ക്ക് ശേഷം 20 ദിവസം സർജറി 4 യൂണിറ്റ് ടീമും പോസ്റ്റ് ഗ്രാജുവേറ്റ് റെസിഡന്റ്സ് ടീമും മികച്ച പരിചരണം നൽകി. ഏതൊരു മൾട്ടിസ്പെഷ്യാൽറ്റി ആശുപത്രിയോടും കിടപിടിക്കുന്ന ആധുനിക സജ്ജീകരണങ്ങളും കഴിവുറ്റ ചികിത്സാ വിദഗ്ധരും നൽകുന്ന നിസ്തുലമായ സേവനങ്ങളുമായി തൃശൂർ മെഡിക്കൽ കോളേജ് 45 വർഷം പൂർത്തിയാക്കുന്ന വേളയിലാണ് ആദിവാസി യുവാവിന് കരുതൽ ഒരുക്കിയത്.

രണ്ട് സർജറി യൂണിറ്റുകളുടെ മേധാവിമാരായ ഡോ. രവീന്ദ്രൻ സി, ഡോ. ഹരിദാസ്, സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഹൃദയ ശസ്ത്രക്രിയാ വിദഗ്ദ്ധനുമായ ഡോ. പ്രവീൺ, അനസ്തേഷ്യ പ്രൊഫസർ ഡോ. സുനിൽ എം എന്നിവരുടെ നേതൃത്വത്തിൽ, ഡോ. പാർവതി, ഡോ. നാജി, ഡോ. അഞ്ജലി, ഡോ. സിജു, ഡോ. അഞ്ജന തുടങ്ങിയ ഡോക്ടർമാരുടെ സംഘവും, നഴ്സിംഗ് ഓഫീസർമാരായ അനു, ബിൻസി എന്നിവരുടെ സംഘവുമാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.

പ്രിൻസിപ്പൽ ഡോ. അശോകൻ എൻ, വൈസ് പ്രിൻസിപ്പൽ ഡോ. സനൽകുമാർ കെ ബി, സൂപ്രണ്ട് ഇൻ ചാർജ് ഡോ. രാധിക എം, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സന്തോഷ് പി വി, ആർഎംഒ ഡോ. ഷാജി യു എ, എആർഎംഒ ഡോ. ഷിബി എന്നിവർ ഭരണപരമായ ഏകോപനം നൽകി.




# നിർമലയിൽ മെറിറ്റ് ഡേ നടത്തി

**കൊച്ചി:** മൂവാറ്റുപുഴ നിർമല കോളേജിന്റെ (ഓട്ടോണോമസ്)ആഭിമുഖ്യത്തിൽ റാങ്ക് ജേതാക്കൾക്ക് ആദരം ഒരുക്കി മെറിറ്റ് ദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ആദരിക്കൽ ചടങ്ങ് പ്രശസ്ത കഥാകാരൻ സുഭാഷ് ചന്ദ്രൻ ഉൽഘാടനം ചെയ്തു. യോഗ്യത നേടി വിജയികളായവർ ആത്മാന്വേഷകരാകണം എന്നും സ്വയോഗ്യതയെ മറ്റുള്ളവരുടെ യോഗ്യതയുമായി താരതമ്യം ചെയ്ത് വിലയിരുത്തണമെന്നും സുഭാഷ് ചന്ദ്രൻ പറഞ്ഞു. വിവിധ പ്രോഗ്രാമുകളിൽ യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് കരസ്ഥമാക്കിയ 194 വിദ്യാർഥികൾക്കാണ് കോളേജ് ആദരം ഒരുക്കിയത്. കോതമംഗലം രൂപതാ വികാരി ജനറാളും കോളേജ് മാനേജറുമായ ഫാ.ഡോ. പയസ് മലേക്കണ്ടത്തിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, ബർസാർ ഫാ. പോൾ കളത്തൂർ, കോളേജ് ഓട്ടോണോമസ് ഡയറക്ടർ ഡോ. തോമസ് കെ വി, വൈസ് പ്രിൻസിപ്പൽമാരായ പ്രൊഫ. ഇമ്മാനുവൽ എ ജെ, ഡോ. ജിജി കെ ജോസഫ്, പ്രോഗ്രാം കൺവീനർ സിസ്റ്റർ എമി ടോമി എന്നിവർ മെറിറ്റ് ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകി.

# എറണാകുളം ഗവ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് സിസ്റ്റോസ്കോപ്പ് വാങ്ങാൻ സഹായം

**കൊച്ചി:** എറണാകുളം ഗവ. മെഡിക്കൽ കോളേജിൽ കുട്ടികളിലെ മൂത്രാശയ സംബന്ധമായ വൈകല്യങ്ങൾ കണ്ടെത്തുന്നതിനുള്ള പീഡിയാട്രിക് സിസ്റ്റോസ്കോപ്പ് വാങ്ങുന്നതിന് സിന്തൈറ്റ് ഗ്രൂപ്പിന്റെ സഹായം. 8 ലക്ഷം രൂപയാണ് ധനസഹായമായി നൽകിയത്.

സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മാനേജിങ് ഡയറക്ടർവിജു ജേക്കബിൽ നിന്നും ഗവ.മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.ഗണേഷ് മോഹൻ തുക ഏറ്റുവാങ്ങി.

കുട്ടികളിൽ ജന്മനാ ഉണ്ടാകുന്ന മൂത്രാശയ സംബന്ധമായ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിൽസിക്കുന്ന തിനുമുള്ള ഉപകരണമാണ് സിസ്റ്റോസ്കോപ്പ്. ഈ ഉപകരണം ലഭ്യമാകുന്നതോടെ ഗവ മെഡിക്കൽ കോളേജ് പീഡിയാട്രിക് സർജറി വിഭാഗം മൂത്രാശയ സംബന്ധമായ രോഗങ്ങളുള്ള കുട്ടികൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാകും. കൂടാതെ ഈ ഉപകരണം ഉപയോഗിച്ചുള്ള ചികിത്സ സൗജന്യ നിരക്കിൽ മെഡിക്കൽ കോളേജിൽ ലഭ്യമാകും. നിർധനരായ നിരവധി കുട്ടികൾക് ഈ സേവനം ഉപകാരപ്രദമാകും.

എറണാകുളം ഗവ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് സർജറി വിഭാഗം പ്രവർത്തനം ആരംഭിച്ചിരുന്നു. എല്ലാ ചൊവാഴ്ചകളിലും ഒപി സേവനം ലഭ്യമാണ്. ഒ പി യിൽ വരുന്ന വലിയ വിഭാഗം കുട്ടികളും മൂത്രാശയ സംബന്ധമായ ചികിത്സ തേടുന്നവരാണ്.

തുക ഏറ്റുവാങ്ങുന്ന ചടങ്ങിൽപീഡിയാട്രിക് സർജൻ ഡോ. അനിറ്റ് ജോസഫും പങ്കെടുത്തു.

# വടുതല പേരണ്ടൂർ പാലം തീരദേശ നിയന്ത്രണ മേഖല പഠനത്തിനായി തുക അനുവദിച്ചു

**കൊച്ചി:** എറണാകുളം നിയോജക മണ്ഡലത്തിലെ വടുതല പേരണ്ടൂർ പാലം നിർമ്മാണ ത്തിന്റെ ഭാഗമായി തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച പഠനങ്ങൾക്കായി സർക്കാർ തുക അനുവദിച്ചതായി ടി.ജെ.വിനോദ് എംഎൽഎ അറിയിച്ചു. നേരത്തെ പാലത്തിനായി ഏകദേശം 32.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ നിന്നുമാണ് ഇപ്പോൾ തുക അനുവദിച്ചിട്ടുള്ളത്. പഠന റിപ്പോർട്ട് തയ്യാറാക്കാൻ ഏകദേശം 15 ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് എം.എൽ.എ പറഞ്ഞു.

തിരുവനന്തപുരം ആക്കുളത്ത് പ്രവർത്തിക്കുന്ന ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നത്. ഈ റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കും. ഈ റിപ്പോർട്ടിന് അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ പാലം പണിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിലേക്ക് കടക്കാൻ കഴിയുകയുള്ളു എന്ന് എം.എൽ.എ പറഞ്ഞു. ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയിൽ പത്ത് ലക്ഷം രൂപ കേരളതീരദേശ പരിപാലന അതോറിറ്റിയിൽ അടയ്ക്കേണ്ട വിഹിതമാണ്. പഠനം നടത്തുന്നതിനായി ദേശിയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് ഒടുക്കേണ്ട ഫീസും പാലത്തിൻറെ കല്ല് ഇടുന്നതിന് വേണ്ടിവരുന്ന ചെലവും ചേർത്താണ് ബാക്കി വരുന്ന അഞ്ച് ലക്ഷത്തോളം രൂപ ചെലവ് കണക്കാക്കുന്നത്. ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിലെ എൻജിനീയർമാരുമായി ബന്ധപ്പെട്ടതായും അവർ സ്ഥലം സന്ദർശിച്ച് പ്രാഥമിക പരിശോധന നടത്തിയതായും എം.എൽ.എ പറഞ്ഞു

# ഇന്ത്യൻ തീരസംരക്ഷണ സേനയുടെ അഭ്യാസപ്രകടനവും ശില്പശാലയും കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യൻ തീരസംരക്ഷണ സേനയുടെ 11 മത് ദേശീയ സമുദ്ര തെരച്ചിൽ രക്ഷാപ്രവർത്തന അഭ്യാസപ്രകടനത്തിന്റെ പതിനൊന്നാമത് പതിപ്പും ശില്പശാലയും നാഷണൽ മാരിടൈം സെർച്ച് ആൻഡ് റെസ്ക്യൂ ബോർഡിന്റെ നേതൃത്വത്തിൽ ഇന്നും നാളെയും കൊച്ചിയിൽ നടക്കും. പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് പരിപാടി ഉദ്ഘാടനം ചെയ്യും. ദേശീയ സമുദ്ര തെരച്ചിൽ രക്ഷാപ്രവർത്തന ഏകോപന അതോറിറ്റി കൂടിയായ ഇന്ത്യൻ തീരസംരക്ഷണ സേന (ഐസിജി) ഡയറക്ടർ ജനറൽ എസ് പരമേഷ് ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

'പ്രാദേശിക സഹകരണത്തിലൂടെ തെരച്ചിൽ, രക്ഷാപ്രവർത്തന ദൗത്യം മെച്ചപ്പെടുത്തൽ' എന്നതായിരിക്കും വിഷയം. ഇന്ത്യൻ തെരച്ചിൽ, രക്ഷാപ്രവർത്തന പ്രദേശങ്ങളിലും അതിനപ്പുറത്തും വലിയ അപകടമുണ്ടാകുമ്പോൾ, സ്ഥലമോ ദേശീയതയോ സാഹചര്യങ്ങളോ പരിഗണിക്കാതെ സഹായം നൽകാനുള്ള ഐസിജിയുടെ പ്രതിബദ്ധതയെ ഇത് സൂചിപ്പിക്കുന്നു.

ഗവൺമെന്റ് ഏജൻസികൾ, മന്ത്രാലയങ്ങൾ, സായുധ സേനകൾ, വിവിധ തല്പരകക്ഷികൾ, വിദേശ പ്രതിനിധികൾ എന്നിവരിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന സെമിനാറുകൾ, ശിൽപശാലകൾ, ചർച്ചകൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ ആദ്യ ദിവസം നടക്കും. തീരസംരക്ഷണസേനയുടെ കപ്പലുകൾ, വിമാനങ്ങൾ; കൊച്ചി തുറമുഖ അതോറിറ്റിയിൽ നിന്നുള്ള യാത്രാ യാനങ്ങൾ, ടഗ് ; കസ്റ്റംസിൽ നിന്നുള്ള ബോട്ടുകൾ ഒപ്പം വ്യോമ നാവികസേനകളും പങ്കെടുക്കുന്ന, 2 വലിയ രക്ഷാദൗത്യം ഉൾപ്പെടെ കടലിലെ അഭ്യാസ പ്രകടനങ്ങൾ രണ്ടാം ദിവസം കൊച്ചി തീരത്ത് നടത്തും.

500 യാത്രക്കാരുള്ള ഒരു യാത്രാ കപ്പലിലെ പ്രതിസന്ധി അനുകരിച്ചു കൊണ്ടുള്ള രക്ഷാ ദൗത്യം ആയിരിക്കും ആദ്യത്തേത്.രണ്ടാമത്തെ സാഹചര്യത്തിൽ 200 യാത്രക്കാരുമായി സിവിൽ യാത്രാ വിമാനം ജലോപരിതത്തിൽ ലാൻഡ് ചെയ്യുന്നത്പ്രദർശിപ്പിക്കും . സമുദ്ര അഭ്യാസപ്രകടനത്തിലെ ഈ പ്രതികരണ പ്രദർശനത്തിൽ, ദുരിതമനുഭവിക്കുന്ന യാത്രക്കാരെ ഒഴിപ്പിക്കാനുള്ള വിവിധ രീതികൾ ഉൾപ്പെടുന്നു. അതിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള ഉപഗ്രഹ സഹായത്തോടെയുള്ള ബീക്കണുകളുടെ പ്രവർത്തനം, ഡ്രോണുകൾ ഉപയോഗിച്ച് ലൈഫ് ബോയ് വിന്യസിക്കൽ , വായുവിലൂടെ ഇറക്കാൻ കഴിയുന്ന ലൈഫ് റാഫ്റ്റുകൾ, റിമോട്ട് കൺട്രോൾ നിയന്ത്രിത ലൈഫ് ബോയിയുടെ പ്രവർത്തനം എന്നിവ ഉൾപ്പെടുന്നു. ദൗത്യ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ദേശീയ പങ്കാളികളുമായുള്ള ഏകോപനവും വിലയിരുത്തുന്നതിന് മാത്രമല്ല, തീരപ്രദേശത്തുള്ളവരുമായും സൗഹൃദ രാജ്യങ്ങളുമായും സഹകരിച്ച് ഇടപെടുന്നതിൽ ഉചിതമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമാണ് ഈ അഭ്യാസം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സമുദ്ര മേഖലയിലെ സുസ്ഥിരവും ഫലപ്രദവുമായ തെരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾക്കുള്ള(എസ്എആർ) ഗവൺമെന്റിന്റെ ശ്രമങ്ങളെ ശരിയായി നയിക്കുന്ന ഒരു പ്രധാന നാവിക ഏജൻസിയാണ് ഇന്ത്യൻ തീരസംരക്ഷണസേന. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ എസ്എആർ ഏകോപിപ്പിക്കുന്നതിനായി ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ അംഗരാജ്യങ്ങളുമായി ഇന്ത്യ ഒരു ധാരണാപത്രം ഒപ്പുവച്ചു.ഐസിജിയാണ് അതിന്റെ നിർവഹണ ഏജൻസി. കൂടാതെ, ഇൻഡോപസഫിക് മേഖലയിലെ എസ്എആർ പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി ഐസിജിയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ സമുദ്ര മേഖലയിലെ എല്ലാവർക്കും സുരക്ഷയും വളർച്ചയും (സാഗർ) എന്ന കാഴ്ചപ്പാടുമായി സമന്വയിപ്പിച്ച് ഇന്ത്യയുടെ ആഗോള ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിന്,സമുദ്ര സുരക്ഷയിൽ ഐസിജി യുടെ വർദ്ധിച്ച ശ്രദ്ധ വളരെയധികം സഹായിക്കും.




# മികച്ച നിയമസഹായ ക്ലിനിക്കിനുള്ള ദേശീയ അവാർഡ് നേടി കൊച്ചിൻ യൂണിവേഴ്സിറ്റി ലീഗൽ എയ്ഡ് ക്ലിനിക്ക്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ കീഴിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി ലീഗൽ എയ്ഡ് ക്ലിനിക്ക് മൂന്നാമത് പ്രൊഫ. വി എസ് മല്ലർ സ്മാരക ലീഗൽ എയ്ഡ് കോംപറ്റിഷനിൽ മികച്ച നിയമസഹായ ക്ലിനിക്കിനുള്ള ദേശീയ അവാർഡ് നേടി. 25,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. സെന്റർ ഫോർ എൻവയോൺമെന്റൽ ലോ, എജ്യുക്കേഷൻ, റിസർച്ച് ആൻഡ് അഡ്വക്കസി, ചഘടകഡ, പൂനെയിലെ സിംബയോസിസ് ലോ സ്കൂൾ, കേന്ദ്ര നിയമ നീതിന്യായ മന്ത്രാലയം എന്നിവരാണ് മത്സരം വർഷാവർഷം സംഘടിപ്പിക്കുന്നത്. ജനങ്ങളിൽ സമഗ്രമായ നിയമ അവബോധം ഉയർത്താനും, അവർക്ക് സുപ്രധാനമായ നിയമസഹായം നൽകാനും രാജ്യത്തുടനീളമുള്ള നിയമ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടത്തുന്ന മത്സരത്തിൽ രാജ്യത്താകമാനമുള്ള 80 ടീമുകളോട് മത്സരിച്ചാണ് കുസാറ്റ് ടീം വിജയം നേടിയത്. എസ്എൽഎസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.വാണി കേസരി, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ.ഹരിഗോവിന്ദ് പി.സി., ഡോ.ബിനുമോൾ കെ, ജീൻ വിനിത പീറ്റർ, സ്റ്റുഡന്റ് കോഓർഡിനേറ്റർ ഹരിദേവ് വർമ്മ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് മത്സരത്തിൽ പങ്കെടുത്ത് അവാർഡ് കരസ്ഥമാക്കിയത്.

# അധ്യാപക നൈപുണ്യ പരിശീലനക്കളരി ഡിസംബർ 7ന്

**കൊച്ചി:** അധ്യാപകർക്കായി ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി ക്യാമ്പസിന്റെ സഹകരണത്തോടെ പ്രമുഖ അധ്യാപികയും സെന്റ്. തെരേസാസ് കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയുമായിരുന്ന ഡോ. ലതാ നായർ, 'ടീച്ചിങ് വിത്ത് പർപ്പസ്' എന്ന ഏകദിന നൈപുണ്യ പരിശീലനക്കളരി സംഘടിപ്പിക്കുന്നു. ഭാവിയിലെ അധ്യാപകരെ വാർത്തെടുക്കുകയെന്ന ജെയിൻ യൂണിവേഴ്സിറ്റിയുടെ ഉദ്യമത്തിന്റെ ഭാഗമായുള്ള ശിൽപ്പശാല ഡിസംബർ 7ന് വാരിയം റോഡിലുള്ള ലോട്ടസ് ക്ലബിലാണ് നടക്കുക. സ്കൂൾകോളജ് അധ്യാപകർക്കും ബി.എഡ്, എം.എഡ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. അധ്യാപന രംഗത്തെ നവീന മാറ്റങ്ങൾ, വിദ്യാർത്ഥികൾസഹപ്രവർത്തകർ എന്നിവരുമായി എങ്ങനെ ആരോഗ്യകരമായ ബന്ധം രൂപപ്പെടുത്താം, ഡിജിറ്റൽ അടിമത്തം ഒഴിവാക്കുന്നതെങ്ങനെ, നിയമപരവും ധാർമ്മികവുമായ അവബോധം, മികച്ച രീതിയിൽ ആശയവിനിമയം എങ്ങനെ നടത്താം തുടങ്ങിയവയിൽ മാർഗനിർദേശം ലഭിക്കും.

തൊഴിൽ രംഗത്ത് കൃത്യമായ ലക്ഷ്യബോധം കണ്ടെത്തുന്നതിനും ശാശ്വതമാറ്റം സൃഷ്ടിക്കുന്നതിനും അധ്യാപകരെ പ്രാപ്തമാക്കുന്നതിനുമാണ് ശിൽപ്പശാല രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഡോ. ലത നായർ പറഞ്ഞു. നൂതന നൈപുണ്യ ശേഷി വർദ്ധിപ്പിച്ചുകൊണ്ട് അധ്യാപകരെ മാറ്റത്തിന്റെ വക്താക്കളായി വാർത്തെടുക്കുകയാണ് ലക്ഷ്യമെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റിവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് അഭിപ്രായപ്പെട്ടു.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് ജെയിൻ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് നൽകും. കൂടാതെ, കേംബ്രിജ് ഇംഗ്ലീഷ് സ്കിൽ കോഴ്സിന് 20 ശതമാനം ഡിസ്കൗണ്ട്, കേംബ്രിജിന്റെ ലിങ്കുവാസ്കിൽ സർട്ടിഫിക്കറ്റ്, ഡോ. ലത നായർ നയിക്കുന്ന കമ്മ്യൂണിറ്റിയിലേക്കുള്ള പ്രവേശനം എന്നിവ നേടാനും അവസരം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 93886 89299, 94973 33099 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# നിലമ്പൂർ പാട്ടടിയന്തിരം ചിരന്തന സംസ്കൃതി; ഡോക്യുമെന്ററിയുടെ പ്രകാശനം നവംബർ 29 ന്

**കൊച്ചി :** വിശ്വപ്രസിദ്ധമായ നിലമ്പൂർ പാട്ടിനെ ആസ്പദമാക്കി സനു സത്യൻ രചനയും സംവിധാനവും നിർവ്വഹിച്ച് ആപ്തഭാരതി ഫൗണ്ടേഷന് വേണ്ടി നിർമ്മിച്ച നിലമ്പൂർ പാട്ടടിയന്തിരം ചിരന്തന സംസ്കൃതി ' എന്ന ഡോക്യുമെൻററിയുടെ പ്രകാശനവും യൂട്യൂബ് റിലീസും ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നവംബർ 29 വൈകുന്നേരം ആറു മണിക്ക് കൊച്ചി ചാവറ കൾച്ചറൽ സെന്ററിലെ പ്രിവ്യൂ തിയേറ്ററിൽ നിർവ്വഹിക്കും. .ഡോക്യുമെന്ററിയുടെ ചിത്രസംയോജനം അനീഷ് സ്വാതിയും ഛായാഗ്രഹണം സാജൻ ചന്ദ്രബാലൻ. ജിതേഷ് ദാമോദർ എന്നിവരുമാണ് നിർവ്വഹിച്ചത്. സനു സ്വരലയ പശ്ചാത്തല സംഗീതം നൽകി.

# 36 വർഷത്തെ സേവനം പൂർത്തിയാക്കിയ മോട്ടോർ തൊഴിലാളിക്ക് ആദരം

**കൊച്ചി :** മോട്ടോർ തൊഴിലാളിയായി 36 വർഷത്തെ സേവനം പൂർത്തിയാക്കി സംസ്ഥാനത്തെ ഏറ്റവും ഉയർന്ന റീഫണ്ട് തുക ഏറ്റുവാങ്ങുന്ന അലിയാറിന് ക്ഷേമനിധി ബോർഡിന്റെ ആദരം.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിലാണ് മോട്ടോർ ഉയർന്ന റീഫണ്ട് തുകയായ 5, 84,446 രൂപയ്ക്കും ഉയർന്ന പെൻഷൻ നിരക്കായ 9 200 രൂപയ്ക്കും അർഹനായ വി.എ.അലിയാറിനെ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ദിവാകരൻ ആദരിച്ചത്.

ബോർഡ് ഡയറക്ടർ എം.ഇബ്രാഹിംകുട്ടി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആർ. സുലേഖ, അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ബിന്ദു. കെ.തങ്കപ്പൻ, ഉപദേശക സമിതി അംഗങ്ങളായ കെ.കെ.കലേശൻ, പി.ആർ. പ്രസാദ്, ബാബുസാനി, കെ.കെ. ജാഫർ, സക്കീർ ഹുസൈൻ, എൽദോ.കെ.തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു.ചടങ്ങിൽ 15,08,493 രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി :** വാഴക്കുളം ഐ സി ഡി എസ് പ്രോജക്ടിലെ 122 അങ്കണവാടികൾക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ടെ9ഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 11 ന് രണ്ടു മണി വരെ.




# മഹീന്ദ്ര ബിഇ 6ഇ, എക്സ്ഇവി 9ഇ പുറത്തിറക്കി

**കൊച്ചി:** മഹീന്ദ്രയുടെ മുൻനിര ഇലക്ട്രിക് ഒറിജിൻ എസ്യുവികളായ ബിഇ 6ഇ, എക്സ്ഇവി 9ഇ പുറത്തിറക്കി. വിപ്ലവകരമായ വൈദ്യുത ഉത്ഭവ ആർക്കിടെക്ചറായ ഐഎൻജിഎൽഒയിലാണ് നിർമ്മിച്ചിരിക്കുന്നത്, കൂടാതെ ലോകത്തിലെ ഏറ്റവും വേഗതയേറിയ മഹീന്ദ്ര ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആർക്കിടെക്ചറിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്.ബിഇ 6ഇയുടെ സ്പോർടി, പെർഫോമൻസ്ഡ്രിവൺ അപ്പീൽ, സാഹസികതയുടെയും കൃത്യതയുടെയും ആവേശം ഇഷ്ടപ്പെടുന്ന പര്യവേക്ഷകർക്കായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്. എക്സ്ഇവി 9ഇ പരിഷ്കൃതമായ ചാരുതയോടെ സമാനതകളില്ലാത്ത ആഡംബരങ്ങൾ ലഭ്യമാക്കുന്നതായി മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് സെക്ടർ പ്രസിഡൻറും മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ ലിമിറ്റഡ് ജോയിൻറ് മാനേജിംഗ് ഡയറക്ടറുമായ വീജയ് നക്ര പറഞ്ഞു.

ബിഇ 6ഇ ആകർഷകവും അത്ലറ്റിക് സിൽഹൗറ്റും റേസ്പ്രചോദിതമായ ചടുലതയും പ്രകടിപ്പിക്കുന്നു. അതേസമയം എക്സ്ഇവി 9ഇയുടെ സുഗമമായ എസ്യുവി കൂപ്പെ രൂപകൽപ്പനയ്ക്കൊപ്പം സോഫിസ്റ്റിക്കേഷൻ പ്രകടമാക്കുന്നു, മികച്ച പ്രകടനത്തിനൊപ്പം ആഡംബരവും സമന്വയിപ്പിക്കുന്നു.79 കിലോവാട്ട് ബാറ്ററി പായ്ക്കിൽ ബിഇ 6ഇയ്ക്ക് 682 കിലോമീറ്ററും, എക്സ്ഇവി 9ഇയ്ക്ക് 656 കിലോമീറ്ററും ലഭിക്കും. 79 കിലോവാട്ട്, 59 കിലോവാട്ട് ബാറ്ററി പായ്ക്കുകൾക്ക് ആജീവനാന്ത ബാറ്ററി വാറൻറി ലഭിക്കും. ഇത് ആദ്യം രജിസ്റ്റർ ചെയ്ത ഉടമകൾക്ക് മാത്രം സാധുതയുള്ളതും സ്വകാര്യ രജിസ്ട്രേഷനിൽ മാത്രം ബാധകവുമാണ്.3ഇൻ1 സംയോജിത പവർട്രെയിൻ 210 കിലോവാട്ട്പവർ നൽകുന്നു. ബിഇ 6ഇ 6.7 സെക്കൻഡിലും എക്സ്ഇവി 9ഇ് 6.8 സെക്കൻഡിലും 100 കിലോമീറ്റർ വേഗത കൈവരിക്കും. ഫാസ്റ്റ് ചാർജിങ്ങിൽ 20 മിനിറ്റിനുള്ളിൽ 20 ശതമാനത്തിൽ നിന്ന് 80 ശതമാനം ചാർജ് ആകും (175 കിലോവാട്ട് ഫാസ്റ്റ് ചാർജറിൽ).

ഇൻറലിജൻറ് സെമിആക്ടീവ് ഡാംപറുകൾക്കൊപ്പം ഐലിങ്ക് ഫ്രണ്ട് സസ്പെൻഷൻ, 5 ലിങ്ക് റിയർ ഇൻഡിപെൻഡൻറ് സസ്പെൻഷൻ ലഭിക്കുന്നു.ഇൻറഗ്രേറ്റഡ് ഇലക്ട്രോണിക് ബൂസ്റ്റർ ഉള്ള ബ്രേക്ക്ബൈവയർ സാങ്കേതികവിദ്യയുമായാണ് ഇത് എത്തുന്നത്. 10 മീറ്റർ ടിസിഡി ലഭ്യമാക്കുന്ന വേരിയബിൾ ഗിയർ റേഷ്യോ (വിജിആർ) ഉള്ള ഹൈ പവർ സ്റ്റിയറിങ്ങാണ് മറ്റൊരു പ്രത്യേകത.

ഇഥർനെറ്റ് പിൻബലത്തിൽ നെക്സ്റ്റ്ജെൻ ഡൊമെയ്ൻ ആർക്കിടെക്ചറിൽ നിർമ്മിച്ചതാണ് സോഫ്റ്റ്വെയർ. ഓട്ടോമോട്ടീവ് ഗ്രേഡിലെ ഏറ്റവും വേഗതയേറിയ ക്വാൽകോം സ്നാപ്ഡ്രാഗൺ 8295 ചിപ്സെറ്റ് ആണ് ഉപയോഗിച്ചിരിക്കുന്നത്.ബിഇ 6ഇയുടെ വില 18.90 ലക്ഷത്തിലും, എക്സ്ഇവി 9ഇയുടെ വില 21.90 ലക്ഷത്തിലും, ആരംഭിക്കുന്നു. 2025 ഫെബ്രുവരി അവസാനമോ മാർച്ച് ആദ്യമോ ഡെലിവറി ആരംഭിക്കും.



# ജെസ്റ്റിക്കോൺ 2024 സമാപിച്ചു

**കൊച്ചി:** കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജിയും, (കെ. എഫ്. ഒ. ജി) കൊച്ചി ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റിയും (സി. ഒ. ജി. എസ്) സംയുക്തമായി സംഘടിപ്പിച്ച ഒബ്സ്റ്റെട്രിക്സ് കോൺക്ലേവ് ജെസ്റ്റിക്കോൺ 2024 ന് കൊച്ചി ക്രൗൺ പ്ലാസയിൽ സമാപിച്ചു.വിവിധ രാജ്യങ്ങളിൽ നിന്നായി എഴുനൂറോളം പേർ കോൺക്ലേവിൽ പങ്കെടുത്തു.‘ഓരോ ജനനത്തിലും മികവ്, ഓരോ ഘട്ടത്തിലും പുതുമ‘ എന്നതായിരുന്നു കോൺക്ലേവിന്റെ പ്രമേയം. സിസേറിയൻ ചികിത്സാ നിരക്ക് കുറയ്ക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും, ശസ്ത്രക്രിയ രംഗത്തെ നൂതന കണ്ടുപിടുത്തങ്ങൾ, പ്രവണതകൾ എന്നിവയെ കുറിച്ചും ശിൽപ്പശാല ചർച്ച ചെയ്തു.

കോൺക്ലേവിന്റെ ഉദ്ഘാടനം അന്താരാഷ്ട്ര സംഘടനയായ ഫിഗോയുടെ ട്രഷറർ ഡോ. ശാന്തകുമാരി നിർവഹിച്ചു, ഗൈനക്കോളജി വിദഗ്ദരുടെ ദേശീയ സംഘടനയായ ഫോഗ്സിയുടെ സെക്രട്ടറി ജനറൽ മാധുരി പാട്ടീൽ വിശിഷ്ടാതിഥിയായിരുന്നു. സ്ത്രീക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള ഫോഗ്സിയുടെ ‘ധീര‘ പ്രോജെക്ടിനെ കുറിച്ച് മാധുരി പാട്ടീൽ സംസാരിച്ചു.കെ എഫ് ഒ ജി മുൻ പ്രസിഡൻറും, സീനിയർ ഗൈനക്കോളജിസ്റ്റുമായ ഡോ വി പി പൈലി മാതൃ ശിശു മരണങ്ങളുടെ കാരണങ്ങളും, പരിഹാര മാർഗങ്ങളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.ക എഫ് ഒ ജി പ്രസിഡൻ ഡോ. കെ. യു. കുഞ്ഞുമൊയ്തീൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. സുഭാഷ് മല്ല്യ (കോഴിക്കോട്) , ഡോ. ഫെസി ലൂയിസ് എന്നിവർ പ്രസംഗിച്ചു.

## തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രോത്സവം:

# മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു

**കൊച്ചി:** തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ സർവ്വീസ് സമയം നീട്ടുന്നു. നവംബർ 29 മുതൽ ഡിസംബർ 06 വരെ തൃപ്പൂണിത്തുറയിൽ നിന്ന് ആലുവ ഭാഗത്തേക്ക് രാത്രി 11.30 വരെ കൊച്ചി മെട്രോ സർവ്വീസ് നടത്തുന്നതാണ്. രാത്രി 10.30ന് ശേഷം 20 മിനിറ്റ് ഇടവേളകളിലായിരിക്കും തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ നിന്നുള്ള സർവ്വീസ്. രാത്രി 11.30ന് ആയിരിക്കും തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ നിന്നുള്ള അവസാന സർവ്വീസ്. ഉത്സവത്തിനെത്തുന്നവർക്ക് സുരക്ഷിതമായി മടങ്ങുവാൻ ഈ അധിക സർവ്വീസുകൾ സഹായകരമാകും.

# യു.എസിന് അധികകാലം വളർച്ചയെ മുന്നോട്ടു നയിക്കാനാകില്ല: ശ്രീജിത്ത് ബാലസുബ്രമണ്യൻ

**കൊച്ചി:** സമീപ കാലത്തായി പലിശ നിരക്കുകൾ വെട്ടിക്കുറച്ചെങ്കിലും നിരക്കുകൾ ഉയർന്നു തന്നെയിരിക്കുമ്പോൾ അധിക കാലം യു.എസിന് വളർച്ചയെ മുന്നോട്ടു നയിക്കാനാകില്ലെന്ന് ബന്ധൻ എഎംസി വൈസ് പ്രസിഡന്റും സാമ്പത്തിക വിദഗ്ധനുമായ ശ്രീജിത്ത് ബാലസുബ്രമണ്യൻ പറയുന്നു.യുഎസിൽ അധികാരമേറാനിരിക്കുന്ന രണ്ടാം ട്രംപ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന സാമ്പത്തിക നയങ്ങൾ പൊതുവെ വിലയിരുത്തപ്പെടുന്ന പോലെ ലളിതമായിരിക്കുമോ എന്നത് ഒരു ചോദ്യമാണ്. ഇന്നത്തെ ആഗോള വിപണി സാഹചര്യങ്ങൾ ഈ പുതിയ ട്രംപ് നയങ്ങളിൽ മാറ്റമുണ്ടാക്കുമോ എന്നതും മറ്റൊരു ചോദ്യമാണ്. ഉയർന്ന പലിശ നിരക്ക് വർധന പോലുള്ള പ്രതികൂല



സാഹചര്യങ്ങളിലും യു.എസ് സമ്പദ് വ്യവസ്ഥ മികച്ച പ്രതിരോധമാണ് കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ജിഡിപി വളർച്ച മുകളിലേക്കായിരുന്നു. എങ്കിലും ധനക്കമ്മി വളരെ ഉയർന്ന തോതിലാണ്. പത്തു വർഷത്തിനു ശേഷവും ഇത് 7 ശതമാനത്തിനു മുകളിലാണ്. ട്രംപിന്റെ നയം പറയുന്നതും ധനക്കമ്മി വർധിക്കുമെന്നാണ്. ഈ നയങ്ങളുടെ പ്രത്യാഘാതങ്ങളെന്താകുമെന്നാണ് ലോകം ഉറ്റുനോക്കുന്നത്. മുൻ ട്രംപ് ഭരണകാലത്തേതിൽ നിന്നും ആഗോള വിപണി സാഹചര്യങ്ങൾ ആകെ മാറിയിട്ടുണ്ട്.

വർധിച്ചുവരുന്ന വായ്പാ തിരിച്ചടവ് വീഴ്ചകൾ, കുറഞ്ഞ കുടിയേറ്റം, ഉയർന്ന ചെലവിലുള്ള കോർപറേറ്റ് വായ്പാക്രമീകരണങ്ങൾ എന്നിവ വെല്ലുവിളികളാണ്. കൂടുതൽ കുടിയേറ്റ നിയന്ത്രണങ്ങളും ഇറക്കുമതി താരിഫുകളും വളർച്ചയെ കൂടുതൽ ബുദ്ധിമുട്ടിച്ചേക്കാമെന്നും, പ്രത്യാഘാതങ്ങളെ തടയാൻ ശ്രദ്ധാപൂർവ്വമായ സന്തുലിത നടപടികൾ ആവശ്യമാണെന്നും ശ്രീജിത്ത് ബാലസുബ്രഹ്മണ്യൻ അഭിപ്രായപ്പെടുന്നു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ആഭ്യന്തര നയങ്ങളുടേയും ശേഷിയുടേയും പിൻബലത്തിൽ വളർച്ചയുടെ ഒരു സൂക്ഷ്മ ഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. താൽക്കാലിക വെല്ലുവിളികളുണ്ടെങ്കിലും അടിത്തറ മികച്ചതാണ്. യുഎസ് എണ്ണ ഉൽപ്പാദനം വർദ്ധിപ്പിച്ചതും ’ചൈന + 1’ തന്ത്രവും ഇന്ത്യയ്ക്ക് കൂടുതൽ അവസരങ്ങളൊരുക്കും. ആഗോള മാക്രോ ഇക്കണോമിക് ട്രെൻഡുകൾ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ സാമ്പത്തിക അനിശ്ചിതത്വത്തിന് തയ്യാറെടുക്കേണ്ടത് ആവശ്യമാണെന്നും ശ്രീജിത്ത് സുബ്രമണ്യൻ ചൂണ്ടിക്കാട്ടുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കണക്ടിങ്ങ് ദി അൺ കണക്റ്റഡ്

# ആദിവാസി മേഖലകളെ ഡിജിറ്റലൈസ് ചെയ്യാൻ കെഫോൺ പദ്ധതി

**തിരുവനന്തപുരം:** കേരളത്തിലെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റലൈസ് ചെയ്യാൻ പദ്ധതിയുമായി കെഫോൺ. കണക്ടിങ്ങ് ദി അൺ കണക്റ്റഡ് എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം കോട്ടൂരിലെ ചോനംപാറ, വാലിപ്പാറ ആദിവാസി മേഖലകളിൽ 103 വീടുകൾക്ക് കെഫോൺ കണക്ഷൻ നൽകിക്കഴിഞ്ഞു. വിവിധ കമ്പനികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സാമൂഹിക പ്രതിബദ്ധതാ പദ്ധതികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പ്രദേശിക അടിസ്ഥാന സൗകര്യ വികസന ഫണ്ടും പരമാവധി പ്രയോജനപ്പെടുത്തി കൊണ്ടാണ് ഈ പദ്ധതി പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്. ഇതു പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കാണ് കോട്ടൂരിൽ നൽകിയിരിക്കുന്ന കണക്ഷന് ആവശ്യമായ സാമ്പത്തിക സഹായം നിർവഹിച്ചിരിക്കുന്നത്. മറ്റ് ആദിവാസി മേഖലകളിലേക്കും ഇത്തരത്തിൽ ഇത്തരത്തിൽ ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് പദ്ധതിയെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.) പറഞ്ഞു.

കേരളത്തിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളുടെ നെടുന്തൂണായ കെഫോൺ, ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിന്റെ ഐ.ടി ഇൻഫ്രാസ്ട്രക്ചർ വികസനവും ലക്ഷ്യമിടുന്നുണ്ട്. ഇന്റർനെറ്റ് കടന്നുചെല്ലാൻ പ്രയാസമേറുന്ന




ഇത്തരം മേഖലകളിലേക്ക് ഫൈബറുകൾ വിന്യസിക്കുന്നത് വഴി ഈ മേഖലയിലും സമീപ പ്രദേശങ്ങളിലും മികച്ച ഇന്റർനെറ്റ് കണക്ഷനും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ കഴിയും. കെഫോൺ കണക്ഷനുകൾക്കുപരി മറ്റ് സർവീസ് പ്രൊവൈഡർമാർക്കും കെഫോൺ ഫൈബറുകൾ ലീസിനെടുത്ത് ഇന്റർനെറ്റ് സേവനം നൽകാൻ ഇതുവഴി കഴിയും.കോട്ടൂരിൽ നൽകിയിരിക്കുന്ന കണക്ഷനിൽ നിന്ന് വാലിപ്പാറയിലെയും ചോനമ്പാറയിലെയും രണ്ട് പഠന മുറികളിലും ഈ മേഖലയിലെ 103 വീടുകളിലേക്കും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. വയനാട് പന്തലാടിക്കുന്നിൽ കെഫോൺ നേരിട്ട് നൽകിയിരിക്കുന്ന കണക്ഷനുകളിൽ നിന്ന് രണ്ട് വൈഫൈ ആക്സസ് പോയിന്റ് കണക്ഷൻ വഴി പത്തിലധികം വീടുകളിൽ ഇന്റർനെറ്റ് സേവനം ലഭിക്കുന്നുണ്ട്. ഇതിന് പുറമേ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ആദിവാസി മേഖലയിലും 250ലധികം വാണിജ്യ ഇന്റർനെറ്റ് കണക്ഷനുകൾ കെഫോൺ നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി വടശ്ശേരിക്കര, ശബരിമല, വയനാട്, ഇടുക്കി ജില്ലകളിലെ മലയോരമേഖലങ്ങളിൽ ഉൾപ്പെടെയുള്ള വിദൂര സ്ഥലങ്ങളിലും ഗ്രാമ നഗര ഭേദമന്യേയുള്ള മേഖലകളിലേക്ക് കെഫോൺ സേവനം ഉറപ്പുവരുത്താൻ നാളിതു വരെ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിലെ എല്ലാ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ ഉറപ്പുവരുത്തണമെന്നത് കെഫോണിന്റെ പ്രഖ്യാപിത ലക്ഷ്യമായി മാറി കഴിഞ്ഞു.

ഇന്റർനെറ്റ് മൗലിക അവകാശമാക്കിയ നമ്മുടെ നാട്ടിൽ ആരും ഇന്റർനെറ്റ് ലഭ്യമല്ലാതെ മാറ്റിനിർത്തപ്പെടരുതെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് കെഫോൺ ആദിവാസി മേഖലകളെയും ചേർത്ത് നിർത്തി പദ്ധതി നടപ്പാക്കുന്നതെന്ന് ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.) പറഞ്ഞു. സർക്കാർ നിർദേശപ്രകാരം കെഫോൺ പ്രൊജക്ട് സ്കോപ്പിൽ ആദിവാസി മേഖലകളിലേക്ക് സൗജന്യമായി നൽകിയിരിക്കുന്ന കണക്ഷനുകൾക്ക് പുറമേയാണ് കണക്ടിങ്ങ് ദി അൺകണക്റ്റഡ് എന്ന പേരിൽ വിവിധ കമ്പനികളുടെയും മറ്റും സാമൂഹിക പ്രതിബദ്ധതാ പദ്ധതികളുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പ്രൊജക്ട് നമ്മുടെ നാടിന്റെ ഇന്റർനെറ്റ് സാക്ഷരത വർധിപ്പിക്കുകയും ഇന്റർനെറ്റ് ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് മുതൽക്കൂട്ടാകുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് വാർഷിക സമ്മേളനം

**കൊച്ചി:** കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസിന്റെ (കെഎസ്ഒഎസ്) 51ാം വാർഷിക സമ്മേളനം 'ദൃഷ്ടി2024' നവംബർ 29 മുതൽ ഡിസംബർ 1 വരെ ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കും.നേത്രചികിത്സാ രംഗത്തെ അത്യാധുനിക ചികിത്സാ രീതികളും നേട്ടങ്ങളും ചർച്ച ചെയ്യുന്ന സമ്മേളനത്തിൽ രാജ്യത്തുടനീളമുള്ള 1200 ലധികം നേത്ര രോഗ സർജൻമാർ പങ്കെടുക്കും.പത്മശ്രീ ഡോ.എം.ആർ.രാജഗോപാൽ 29 ന് വൈകീട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഓർഗനൈസിങ് ചെയർമാൻ ഡോ: സജു ജോസഫ്, സയന്റിഫിക് കമ്മറ്റി ചെയർമാൻ ഡോ.ബാസ്റ്റിൻ വി.എ,ഓർഗനൈസിങ് സെക്രട്ടറി ഡോ.അലക്സ് ബേബി, കെ.എസ്.ഒ.എസ് പ്രസിഡന്റ് ഡോ.തോമസ് ചെറിയാൻ, ജനറൽ സെക്രട്ടറി ഡോ.ബിജു ജോൺ സി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കും.2024 –2025 കാലയളവിലെ കെഎസ്ഒഎസ്സിന്റെ 51ാമത് പ്രസിഡന്റായി ഡോ. മഹേഷ് ജി സ്ഥാനമേൽക്കും.മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ ഏഴ് സമാന്തര ട്രാക്കുകളിലായി വിവിധ വിഷയങ്ങളിൽ ശാസ്ത്ര സെഷനുകളും നടക്കുമെന്ന്

ഓർഗനൈസിങ് ചെയർമാൻ ഡോ. സാജു ജോസഫ് അറിയിച്ചു.നേത്രചികിത്സയിലെ ഏറ്റവും പുതിയ ശാസ്ത്രീയ മുന്നേറ്റങ്ങൾ, രോഗനിർണയ രീതികൾ, ചികിത്സാ രീതികൾ എന്നിവയെക്കുറിച്ച് വിദഗ്ധർ ചർച്ച ചെയ്യും.

പീഡിയാട്രിക് ഒഫ്താൽമോളജി, കുട്ടികളുടെ തിമിരം, കൗമാരക്കാരുടെ നേത്രരോഗങ്ങൾ, സ്ട്രാബിസ്മസ് ( സ്കിന്റ്), റെറ്റിന രോഗങ്ങൾ, റെറ്റിന ഒസിടി , മെഡിക്കൽ റെറ്റിന, ഡയബറ്റിക് റെറ്റിനോപ്പതി എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ നടക്കും. ജന്മനായുള്ള തിമിരം, തിമിര ശസ്ത്രക്രിയയിലെ നൂതന കാൽവെപ്പുകൾ, ഒപ്റ്റിക്കൽ ന്യൂറോപ്പതി, ഒക്കുലാർ ട്രോമ, ഒക്യുലാർ ട്യൂബർകുലോസിസ് എന്നിവയും ഗ്ലോക്കോമ മാനേജ്മെന്റിനെക്കുറിച്ചുള്ള പ്രധാന സെഷനുകളും ലേസർ അധിഷ്ഠിത റിഫ്രാക്റ്റീവ് സർജറികളുടെ നൂതന രീതികളും പ്രധാന സെഷനുകളാണെന്ന് സയന്റിഫിക് കമ്മറ്റി ചെയർമാൻ ഡോ.ബാസ്റ്റിൻ വി.എ പറഞ്ഞു.നേത്രചികിത്സ, ശസ്ത്രക്രിയ എന്നിവയിലെ സാങ്കേതിക വിപ്ലവം വിളംബരം ചെയ്യുന്ന ട്രേഡ് എക്സിബിഷനും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ടെന്ന്

ഓർഗനൈസിംഗ് സെക്രട്ടറി ഡോ.അലക്സ് ബേബി പറഞ്ഞു. നേത്രചികിത്സാ രംഗത്തെ മികച്ച നേട്ടങ്ങൾക്കും ഗവേഷണങ്ങൾക്കും അംഗീകാരമായി പുരസ്കാരങ്ങൾ നൽകും. ടികെ അലക്സാണ്ടർ മെമ്മോറിയൽ ഓറേഷൻ അവാർഡ്, ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുകൾ, സയന്റിഫിക് കമ്മിറ്റി അവാർഡുകൾ, 20232024 വർഷത്തെ മികച്ച ഒഫ്താൽമിക് ക്ലബ്ബ് അവാർഡുകൾ എന്നിവ അവാർഡുകളിൽ ഉൾപ്പെടുന്നു.




## കല്യാണി പ്രിയദർശൻ യാർഡ്‌ലി ടാൽക്കം പൗഡർ അംബാസഡർ

**കൊച്ചി:** യാർഡ്‌ലി ലണ്ടൻ സിഗ്നേച്ചർ പെർഫ്യൂംഡ് ബ്യൂട്ടി ടാൽക് ശ്രേണി പുതിയ രൂപത്തിൽ വിപണിയിലിറക്കി. ദക്ഷിണേന്ത്യയിലെ പ്രശസ്ത നടി കല്യാണി പ്രിയദർശനാണ് പരിഷ്കരിച്ച യാർഡ്‌ലി ശ്രേണിയുടെ പുതിയ മുഖം. 254 വർഷം പഴക്കമുള്ള ബ്രാൻഡായ യാർഡ്‌ലിയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതോടൊപ്പം ആധുനിക സ്ത്രീകളെ ആകർഷിക്കുന്ന തരത്തിലാണ് പുതിയ ശ്രേണി തയ്യാറാക്കിയിരിക്കുന്നത്. ഇതോടനുബന്ധിച്ച് കല്യാണി മുഖ്യ കഥാപാത്രമായി വരുന്ന ക്യാമ്പയിനും ആരംഭിച്ചു.ഇംഗ്ലീഷ് ലാവെൻഡർ, ഇംഗ്ലീഷ് റോസ്, മോണിംഗ് ഡ്യൂ, റോയൽ റെഡ് റോസസ്, ഇംപീരിയൽ ജാസ്മിൻ എന്നിങ്ങനെ 8 വകഭേദങ്ങളാണ് പുതിയ യാർഡ്‌ലി ലണ്ടൻ ബ്യൂട്ടി ടാൽക് ശ്രേണിയിൽ ഉൾപ്പെടുന്നത്. ഇവ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും യാർഡ്‌ലി ലണ്ടന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.

## വനിതകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി ഡിസംബർ 3,4 തീയതികളിൽ മില്ലറ്റ് ഉപയോഗിച്ച് ക്രിസ്തുമസ് വിഭവങ്ങളിൽ പരിശീലനം നടത്തുന്നു. ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 9072600771, 04843548159

## സുരക്ഷാ ഡയഗ്നോസ്റ്റിക് ലിമിറ്റഡ് ഐപിഒ 29 മുതൽ

**കൊച്ചി:** സുരക്ഷാ ഡയഗ്നോസ്റ്റിക് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ 29 മുതൽ ഡിസംബർ മൂന്ന് വരെ നടക്കും. പ്രൊമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 19,189,330 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 420 രൂപ മുതൽ 441 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 34 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 34 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ട്രെൻഡ്സിൽ എക്സ്ക്ലൂസീവ് ഡിസ്കൗണ്ട് ഓഫർ

കൊച്ചി: ഇന്ത്യയിലെ മുൻനിര ഫാഷൻ ഡെസ്റ്റിനേഷനായ റിലയൻസ് ട്രെൻഡ്സ് ബ്ലാക്ക് ഫ്രൈഡേ സെയിലിനോടനുബന്ധിച്ച് എക്സ്ക്ലൂസീവ് ഡിസ്കൗണ്ട് ഓഫർ പ്രഖ്യാപിച്ചു.ബ്ലാക്ക് ഫ്രൈഡേയോടനുബന്ധിച്ച് 2024 നവംബർ 28 മുതൽ ഡിസംബർ 1 വരെ 3499 രൂപയ്ക്ക് ഷോപ്പിംഗ് ചെയ്യുമ്പോൾ 2000 രൂപയുടെ ഉൽപ്പന്നങ്ങൾ സൗജന്യമായി നേടാൻ കഴിയും

## ഫിലിം ഫെസ്റ്റിവൽസംഘടിപ്പിച്ചു

**കൊച്ചി :** കേരള മ്യൂസിയം കൊച്ചിയും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് ആൾ ലിവിങ് തിങ്സ് എൻവേൺമെന്റൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു. പരിസ്ഥിതി പ്രശ്നങ്ങളിൽ ഊന്നിക്കൊണ്ട് പ്രാദേശിക കൂട്ടായ്മകളെയും പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിനെയും കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളാണ് ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചത്. ഫെസ്റ്റിവലിൽ ട്രഡീഷണൽ എഞ്ചിനീയേർസ് റെഡ്യൂസ് വാട്ടർ സ്ട്രെസ് , മന്ദാകിനി കി അവാസ് , സേവിങ് ദി ബോൺ സ്വാളോവേർ എന്നീ ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് സി.എം.ഐ. അധ്യക്ഷത വഹിച്ചു. കേരള മ്യൂസിയം കൊച്ചി കോഡിനേറ്റർ അവനി എം. ന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ നോർബർട്ട് അടിമുറി, രാമൻ സർവ്വോദയം, ഡോ. ഈപ്പൻ വെട്ടത്ത്, മുരളി മേനോൻ, മുരളി ശങ്കരാടി, സനു സത്യൻ എന്നിവർ പങ്കെടുത്തു.




# പവിഴം അരി വാങ്ങുന്നവർക്ക് കോംബോ ഓഫർ; പവിഴം ഉൽപ്പന്നങ്ങൾ മുതൽ സ്വർണ്ണനാണയങ്ങൾ വരെ

**കൊച്ചി:** അരിയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദന വിതരണ സ്ഥാപനമായ അരിക്കാർ ഫുഡ്സിന്റെ പവിഴം ബ്രാൻഡ് അരി വാങ്ങുന്ന ഉപഭോക്താക്കൾക്കു പവിഴം ഉൽപ്പന്നങ്ങൾ ലഭിക്കുന്ന കോംബോ ഓഫർ പദ്ധതി ആരംഭിച്ചതായി ചെയർമാൻ എൻ പി ജോർജ് വാർത്ത സമ്മേളനത്തിൽ അറിയിച്ചു. 10 കിലോ പവിഴം അരി ബാഗിലും 25 മുതൽ 100 രൂപ വരെ വില വരുന്ന വിവിധ പവിഴം ഉൽപ്പന്നങ്ങൾ ഉണ്ടായിരിക്കും. വിവിധതരം മസാലകൾ, പൊടിയരി, റെഡ് ബ്രാൻ റൈസ്, ഓയിലുകൾ, അരിപ്പൊടികൾ തുടങ്ങിയ നൂറിൽപരം പവിഴം ഉൽപ്പന്നങ്ങളാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിയിലൂടെ കമ്പനി ഉപഭോക്താക്കൾക്കു വാഗ്ദാനം ചെയ്യുന്നത്. കോംബോ ഓഫറിലൂടെ ലഭിക്കുന്ന ഉൽപ്പന്നത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ +91 8885050505 എന്ന വാട് സ് ആപ്പ് നമ്പറിലൂടെ അറിയിക്കുന്ന ഉപഭോക്താക്കളിൽ നിന്നും 10 പേർക്ക് എല്ലാ മാസവും ഒരു ഗ്രാമിന്റെ സ്വർണം നാണയങ്ങൾ നൽകുന്നതും ഈ പദ്ധതിയുടെ ആകർഷണമാണ്. ജയ, വടി, ഉണ്ട, സുരേഖ, ചെറുമണി, സിംഗിൾ മട്ട, മട്ട പച്ചരി, പൊടിയരി, തവിടു കളയാത്ത റോബിൻ ഫുഡ് റെഡ് ബ്രാൻ റൈസ് എന്നീ അരികളും അവൽ, അരിപ്പൊടികൾ, റൈസ് ബ്രാൻ ഓയിൽ, വെളിച്ചെണ്ണ, സൺ ഫ്ലവർ ഓയിൽ, കുക്ക് ഓഫ് കറി പൗഡറുകൾ തുടങ്ങിയ പവിഴം ഉല്പന്നങ്ങളെക്കുറിച്ചു ഉപഭോക്തക്കളുടെ അഭിപ്രായം അറിയുകയെന്ന ലക്ഷ്യം കൂടി ഈ പദ്ധതിക്കുണ്ടെന്ന് ഇതു സംബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ കമ്പനി ഡയറക്ടർമാരായ റോയി ജോർജ്, ഗോഡ്വിൻ ആന്റണി എന്നിവർ പറഞ്ഞു.



**ആർക്കിടെക്ചറൽ ലൈറ്റിംഗ് മേഖലയിലെ മുൻനിര സ്ഥാപനമായ കൊച്ചി പ്ലാറ്റിനം ലൈറ്റ്സിന്റെ ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കറ്റ് വി വൺ മാനേജ്മെന്റ് കൺസൾട്ടന്റ്സ് മാനേജിംഗ് പാർട്ട്ണർ ടി. എസ് രാമകൃഷ്ണ അയ്യറിൽ നിന്നും ഉടമ ആർ .യമുന ഏറ്റുവാങ്ങുന്നു. സണ്ണി ജോസഫ്, സെബി, ജയറാം, നിരുപമ ജയറാം, നിർമ്മൽ വൽസൻ എന്നിവർ സമീപം**

# പ്ലാറ്റിനം ലൈറ്റ്സിന് ഐ.എസ്.ഒ അംഗീകാരം

**കൊച്ചി:** ആർക്കിടെക്ചറൽ ലൈറ്റിംഗ് മേഖലയിലെ മുൻനിര സ്ഥാപനമായ കൊച്ചി പ്ലാറ്റിനം ലൈറ്റ്സിന് ഐ.എസ്.ഒ അംഗീകാരം. വി വൺ മാനേജ്മെന്റ് കൺസൾട്ടന്റ്സ് മാനേജിംഗ് പാർട്ട്ണർ ടി. എസ് രാമകൃഷ്ണ അയ്യറിൽ നിന്നും പ്ലാറ്റിനം ലൈറ്റസ് ഉടമ ആർ. യമുന ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. യമുനയുടെ ഭർത്താവ് എസ് ജയറാം, മകൾ നിരുപമ ജയറാം, നിർമ്മൽ വൽസൻ, ഓഡിറ്റർമാരായ സണ്ണി ജോസഫ്, സെബി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. 2013 മുതൽ ആരംഭിച്ച പ്ലാറ്റിനം ലൈറ്റസ് നിലവിൽ വൈറ്റില, ജവഹർ നഗറിലെ സുഭാഷ് ചന്ദ്രബോസ് റോഡിലാണ് പ്രവർത്തിക്കുന്നത്.

# ആമസോൺ ഇന്ത്യയുടെ പ്രതിധി സ്കോളർഷിപ്പ് ഈ വർഷം 1200 വിദ്യാർഥികൾക്ക്

**കൊച്ചി:** ആമസോൺ ഇന്ത്യ 2022 ൽ ആരംഭിച്ച തങ്ങളുടെ ഡെലിവറി അസോസിയേറ്റുകളുടെ കുട്ടികളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രതിധി സ്കോളർഷിപ്പ് പ്രോഗ്രാമിൻറെ മൂന്നാം വാർഷിക പരിപാടിയിൽ വിദ്യാർഥികളെ ആദരിക്കുന്നു.

ഈ വർഷം 1200 വിദ്യാർഥികൾക്കാണ് പ്രോഗ്രാമിലൂടെ സാമ്പത്തിക സഹായം നൽകുന്നത്.ട്യൂഷൻ ഫീസ്, സ്കൂൾ സാമഗ്രികൾ, മറ്റ് വിദ്യാഭ്യാസ ചെലവുകൾ എന്നിവയ്ക്കായി 6000 രൂപയാണ് പ്രതിധി സ്കോളർഷിപ്പിലൂടെ സാമ്പത്തിക സഹായമായി നൽകുന്നത്. കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് അവരുടെ ചികിത്സാ ചെലവ്, സ്കൂൾ സാമഗ്രികൾ, പുസ്തകങ്ങൾ എന്നിവയ്ക്ക് പിന്തുണയായി 10,000രൂപയും ലഭിക്കും. യോഗ്യരായ ഡ്രൈവർ അസോസിയേറ്റിൻറെ പരമാവധി രണ്ടു കുട്ടികൾക്കു മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളു.

# ടെക്നോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ച് കായ്സെമി കൺട്രോൾ സിസ്റ്റംസ്

**തിരുവനന്തപുരം:** സെമികണ്ടക്ടർ ഉപകരണങ്ങൾക്കായുള്ള നൂതന ടെക്നോളജി സൊല്യൂഷൻസ് ലഭ്യമാക്കുന്നതിൽ മുൻനിരക്കാരായ കായ്സെമി കൺട്രോൾ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് ടെക്നോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ചു. ടെക്നോപാർക്ക് ഫെയ്സ് വണ്ണിലെ എസ്.ടി.പി.ഐ ബിൽഡിങ്ങിൽ ആരംഭിച്ച ഓഫീസ് ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്തു. എസ്.ടി.പി.ഐ ഡയറക്ടർ ഗണേഷ് നായക്, ജിടെക് സെക്രട്ടറി ശ്രീകുമാർ .വി, കെന്നഡീസ് ഐ.ക്യു സി.ഇ.ഒ ടോണി ജോസഫ്, കായ്സെമി മാനേജിങ്ങ് ഡയറക്ടർ ജെഫ് ബോകർ, ഡയറക്ടർമാരായ അനു ജോസഫ്, ഫഹദ് സലാം, ജസൺ ഹോങ്ങ്, കായ്സെമിയുടെ സ്ട്രാറ്റജിക് പാർട്ണറായ കിംഗ്സ്റ്റൺ ബോർഡ് ഡയറക്ടർ റോങ്മിങ് ലിയു, എക്സിക്യൂട്ടീവ് അമാൻഡ യിങ്, ടെക്നോപാർക്കിലെ പ്രമുഖ ഐ.ടി കമ്പനികളിലെ സി.എക്.ഒമാർ തുടങ്ങിയവർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു.









RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com